1606

# ഉത്തരഗീത

38090

വ്യാഖ്യാതാ:

സ്വാമി ജ്ഞാനാനന്ദസരസ്വതി

[ജ്ഞാനാനന്ദാശ്രമം പ്രസിദ്ധീകരണം.]

പ്രസാധിക

കുമാരി എൻ. പി. ശ്രീദേവി

മൂന്നാം പതിപ്പ് കോപ്പി 1000

1964 ജനവരി

വില__1ക.

ദ
181.4

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

# മുഖവുര

ആത്മജ്ഞാനപരങ്ങളായ ഗ്രന്ഥങ്ങളും, മഹാന്മാരായ ഗുരുഭൂതന്മാരും ലോകത്തിൽ ഏതു കാലത്തും ധാരാളമുണ്ടെങ്കിലും ജനങ്ങൾ അധികഭാഗവും അജ്ഞന്മാരായിത്തന്നെ കഴിഞ്ഞുകൂടുന്നു. ജ്ഞാനം പ്രതിപാദിക്കാത്തതുകൊണ്ടോ കേൾക്കാത്തതുകൊണ്ടോ അല്ല ജനങ്ങൾക്ക് അനുഭവമാവാത്തതു്. എത്ര കേട്ടാലും, അറിഞ്ഞാലും അനുഭവമാവാൻ വളരെ വിഷമമായ ഒന്നാണു് ആത്മജ്ഞാനം. ഈ കാരണത്താൽത്തന്നെയാണു് എത്രയോ ജ്ഞാനസമാഹാരഗ്രന്ഥങ്ങൾ ലോകത്തിലുണ്ടെങ്കിലും പിന്നേയും പുതിയ പുതിയ ഗ്രന്ഥങ്ങളെ ആചാര്യന്മാർ രചിക്കുന്നതു്. ഇതേ കാരണത്താൽത്തന്നെയാണു് 'ഭഗവൽഗീത' 'അനുഗീത' എന്നീ തത്വസമാഹാരങ്ങളെ ഉപദേശിച്ചു കേട്ടിട്ടും തൃപ്തിവരാത്ത അർജ്ജുനനു് ഒടുവിൽ 'ഉത്തരഗീത' എന്ന ഈ ജ്ഞാനസമുച്ചയത്തേയും പരമാചാര്യനായ ഭഗവാൻ ഉപദേശിക്കാനിടയായതു്. എത്ര കേട്ടാലും 'ജീവേശപരജഗൽഭ്രാന്തി' വിട്ടു് ആത്മബ്രഹ്മൈക്യാനുഭൂതി സംസിദ്ധയാവുകയെന്നതു എത്രയോ വിഷമമാണു്. എത്രയോ ജന്മങ്ങളിലെ സൽക്കർമ്മസംസ്കാരങ്ങളുടെ ഫലമായി ഒരാൾക്കു് ഒരു ജന്മത്തിൽ സാധിക്കാവുന്നതാണെന്നാണു് അഭിജ്ഞമതം. ഗീതോപദിഷ്ടനായ അർജ്ജുനനുതന്നെ ജ്ഞാനം സംസിദ്ധമാവുകയോ ആത്മശാന്തി കൈ

വരികയോ ചെയ്യില്ലെന്നു വന്നാൽ സാധാരണജനങ്ങളു ടെ സ്ഥിതി എത്ര ദയനീയമാണു്? അതിനാൽ എപ്പോ ഴും ഏതൊരാളും ആത്മജ്ഞാനത്തിനുവേണ്ടി പ്രയത്നിച്ചു കൊണ്ടിരിക്കേണ്ടതാണു്. അതാണു് ജീവിതത്തിൻെറ ലക്ഷ്യം. വിഷമമെന്നു കരുതി തള്ളിക്കളയുകയല്ല, തീവ്ര യത്നംകൊണ്ടു സാധിക്കയാണു് വേണ്ടതു്. അങ്ങിനെ പ്ര യത്നിക്കുന്ന ജിജ്ഞാസുക്കളായ ആത്മമാർഗ്ഗസഞ്ചാരികൾ ക്കു തത്വത്തിൻെറ ദൃഢീകരണത്തിന്നും, അഭ്യാസങ്ങളിൽ സംശയച്ഛേദത്തിന്നും ഈ ഗ്രന്ഥം അത്യന്തം ഉപകരിക്കു മെന്നാണു് എൻെറ അഭിപ്രായം. അങ്ങിനെ വല്ലവക്കും ഉപകരിക്കുന്നുണ്ടെങ്കിൽ അത്രമാത്രംകൊണ്ടു് ഈ സാധു വിൻെറ ഉദ്ദേശം സഫലമായി.

ജ്ഞാനാനന്ദ



കുമാരി എൻ. പി. ശ്രീദേവി

# ഉത്തരഗീത

## (വ്യാഖ്യാനസഹിതം)

### ഒന്നാം അധ്യായം

ആനന്ദപരിപൂൎണ്ണായ നമശ്ചിൽബ്രഹ്മതേജസേ
സംസാരതിമിരഗ്രന്ഥിപരിപാടനഭാനവേ
യൽകാരുണ്യപയോരാശികണികാഃ ജ്ഞാനകോടയഃ
അനന്തമഹിമാപൂൎണ്ണമഹസേ ഗുരവേ നമഃ.

അൎജ്ജുന ഉവാച:

1. യദേകം നിഷ്കളം ബ്രഹ്മ
വ്യോമാതീതം നിരഞ്ജനം
അപ്രതൎക്ക്യമവിജ്ഞേയം
വിനാശോൽപത്തിലക്ഷണം.

2. കാരണം യോഗനിൎമ്മുക്തം
ഹേതുസാധനവൎജ്ജിതം
ഹൃദയാംബുജമദ്ധ്യസ്ഥം
ജ്ഞാനജ്ഞേയസ്വരൂപകം.
തൽക്ഷണാദേവ മുച്യേത
യൽജ്ഞാനാൽ ബ്രൂഹി കേശവ!

സാരം:—അല്ലയോ കേശവ! യാതൊരു ബ്രഹ്മത്തിന്റെ പ്രത്യക്ഷമായ അറിവുണ്ടായാൽ ഉടനെത്തന്നെ അവിദ്യാകൃതങ്ങളായ ബന്ധദുഃഖങ്ങൾ വേർപെട്ട് ആനന്ദസുഖാവാപ്തിയുണ്ടായിത്തീരുമോ, ആദ്യന്തരഹി

തവും, അവയവങ്ങളില്ലാത്തതും, ആകാശം തുടങ്ങിയ ഇരുപത്തിനാലു ത ത്വങ്ങളിൽനിന്ന് അതീതവും, സ്വയംപ്രകാശവും മനോവാക്കുകൾക്ക് അഗോചരവും, പ്രമാണങ്ങളെക്കൊണ്ടു തെളിയിക്കാൻ കഴിയാത്തതും, ഉൽപത്തിനാശരഹിതവും, എല്ലാററിന്നും ആദികാരണവും, മറെറാന്നി ൻേറയും ചേച്ച്വയില്ലാത്തതും, നിമിത്തവും ഉപാദാനവുമാകുന്ന രണ്ടു കാര ണങ്ങളുമില്ലാത്തതും, സവ്വജീവികളുടേയും ഹൃദയകമലത്തിൽ പ്രകാശിച്ചു കൊണ്ടിരിക്കുന്നതും, ബോധമായും ബോധിക്കപ്പെടേണ്ട വസ്തുവായും ഇരി ക്കുന്ന ആ ബ്രഹ്മത്തെ എപ്രകാരം അറിവാൻ കഴിയുമെന്നു പറഞ്ഞു തന്നാലും!

ശ്രീഭഗവാനുവാച:

3. സാധു പൃഷ്ടം മഹാബാഹോ!
ബുദ്ധിമാനസി പാണ്ഡവ!
യന്മാം പൃച്ഛസി തത്വാത്ഥ-
മശേഷം പ്രവദാമ്യഹം.

സാരം:—ഭഗവാൻ അരുളിച്ചെയ്തു: പൌരുഷശാലിയായ ഹേ പാ ണ്ഡുനന്ദന! നീ ബുദ്ധിയുള്ളവനാണ്. എന്തുകൊണ്ടെന്നാൽ, ജീവികൾ അവശ്യം അറിയേണ്ടതായ തത്വത്തെ നീ എന്നോടു ചോദിച്ചുവല്ലോ. അ തു വളരെ നന്നായി. അതിനാൽ നിണക്കറിയേണ്ടതു സവ്വവും ഞാൻ പറഞ്ഞുതരാം.

4. ആത്മമന്ത്രസ്യ ഹംസസ്യ
പരസ്പരസമന്വയാൽ
യോഗേന്ന ഗതകാമാനാം
ഭാവനാ ബ്രഹ്മ ചക്ഷതേ.

സാരം:—യമനിയമാദിപരിശീലനംകൊണ്ടു പുറമേയുള്ള തടസ്ഥങ്ങ ളേയും, പ്രാണായാമദ്ധ്യാനധാരണാദികളെക്കൊണ്ട് ആന്തരങ്ങളായ തട സ്ഥങ്ങളേയും അകററിയ ശുദ്ധന്മാരും, കാമാദിദുവ്വികാരങ്ങളില്ലാത്തവരു മായ പുണ്യവാന്മാരുടെ നിവ്വികാരമായി നിരന്തരാനുഷ്ഠാനത്തിൽ ആത്മ ജ്ഞാനപ്രകാശകമായിരിക്കുന്ന പ്രണവാനുസന്ധാനവും, പരമാത്മദ്ധ്യാന

വുംകൂടിസ്സമ്മേളിക്കുമ്പോൾ ഉണ്ടാവുന്ന ഭാവന എന്തോ അതു ബ്രഹ്മബോധകമെന്ന് അറിവുള്ളവർ പറയുന്നു.

5. ശരീരിണാമജസ്യാന്തം
ഹംസത്വം പാരദർശനം
ഹംസോഹം സാക്ഷരം ചൈവ
കൂടസ്ഥം യത്തദക്ഷരം.

6. തദ്വിദ്വാനക്ഷരം പ്രാപ്യ
ജഹ്യാൽ മരണജന്മനീ.

സാരം:—ജീവികൾക്കു സാധാരണസംസ്കാരങ്ങളെക്കൊണ്ടുണ്ടാവുന്ന പരമമായ ആത്മജ്ഞാനം ജീവൻവരെയാണ്. ജീവത്വത്തിൽനിന്നതിക്രമിച്ച ജ്ഞാനം ജീവത്വത്തെ വിസ്മരിച്ചല്ലാതെ ഉണ്ടാവാൻ സാദ്ധ്യമല്ലാത്തതിനാൽ അതു് അഭ്യാസംകൊണ്ടുമാത്രം ഉണ്ടാവേണ്ടതാണ്. പരമാത്മദ്ധ്യാനത്തോടുകൂടിയ പ്രണവാനുസന്ധാനമാകുന്ന അഭ്യാസം അവസ്ഥ രണ്ടിനും സാക്ഷിയായി നില്ക്കുന്ന കൂടസ്ഥനിൽ ലയിക്കുന്നു. അതിനെത്തന്നെ അക്ഷരമെന്നും പറയുന്നു. അറിവുള്ളവർ ഈ അക്ഷരത്തെ പ്രാപിച്ചു തന്റെ ജനനമരണസ്വരൂപമായ പ്രാപഞ്ചികദുഃഖത്തെ അകററി സുഖിക്കുന്നു. ഇതുതന്നെയാണ് മോക്ഷവും.

7. കാകീമുഖകകാരാന്ത
ഉകാരശ്ചേതനാകൃതിഃ
അകാരസ്യ ച ലുപ്തസ്യ
കോൎത്ഥഃ സമ്പ്രതിപദ്യതേ.

സാരം:—സുഖദുഃഖാത്മകമായ സംസാരത്തിൽ ഭ്രമിച്ചുകൊണ്ടു ചുററിത്തിരിയുന്ന ജീവന്ന് അഭിമുഖമായി നില്ക്കുന്ന ബ്രഹ്മം അല്ലെങ്കിൽ മുൻപറഞ്ഞ 'അക്ഷരം' വാചകരൂപേണ പറയപ്പെടുമ്പോൾ പ്രണവ (ഓങ്കര)മാകുന്നു. ഓംകാരമാകട്ടെ അ, ഉ, മ എന്നീ മൂന്നക്ഷരങ്ങളുടെ സമ്മേളനത്തിൽ പ്രതിഫലിക്കുന്ന നാദവുമാകുന്നു. ഇതിൽ 'അ' എന്ന അക്ഷരം പഞ്ചീകൃതമഹാഭൂതങ്ങളിൽനിന്നുണ്ടായ സ്ഥൂലശരീരത്തേയും സ്ഥൂലേ

ന്ദ്രിയങ്ങളേയും വിഷയങ്ങളേയും അവയെ പ്രതിഫലിപ്പിക്കുന്ന ജാഗ്രവേസ്ഥയേയും, അവയിൽ അഭിമാനിയായ 'വിശ്വ'നെന്ന ജീവസ്വരൂപത്തേയും, ഇവയുടെയെല്ലാം സമവായമായ വിരാട്സ്വരൂപത്തേയും സൂചിപ്പിക്കുന്നു. 'ഉ'കാരമാകട്ടെ, അപഞ്ചീകൃതമഹാഭൂതങ്ങളിൽ നിന്നുണ്ടായ ബുദ്ധി മുതലായ പതിനേഴ തത്വങ്ങളേയും അവയുടെ ഏകത്ര സംയോജനമാകുന്ന സൂക്ഷ്മശരീരത്തേയും അതിൻെറ നാനാമുഖങ്ങളായ വികാരപരമ്പരകളേയും അവയെ പ്രതിഫലിപ്പിക്കുന്ന സ്വപ്നാവസ്ഥയേയും, അവയിൽ അഭിമാനിയായ 'തൈജസ'നെന്ന ജീവസ്വരൂപത്തേയും, അവയുടെയെല്ലാം സമവായമാകുന്ന ഹിരണ്യഗർഭസ്വരൂപത്തേയും സൂചിപ്പിക്കുന്നു. 'മ' എന്ന അക്ഷരമാകട്ടെ മുൻപറയപ്പെട്ട രണ്ടു വിഭാഗത്തിന്നും കാരണമായ മൂലാജ്ഞാനത്തേയും അതിനെ പ്രതിഫലിപ്പിക്കുന്ന സുഷുപ്ത്യവസ്ഥയേയും, അവയിൽ അഭിമാനിയായ 'പ്രാജ്ഞ'നെന്ന ജീവസ്വരൂപത്തേയും, അവയുടെ സമവായമായ ഈശ്വരനേയും സൂചിപ്പിക്കുന്നു. അപ്പോൾ ബ്രഹ്മാണ്ഡം മുഴുവൻ മുൻപറയപ്പെട്ട മൂന്നക്ഷരങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞു. പിന്നീടു ശേഷിക്കുന്ന അവ്യക്തമായ നാദം ബ്രഹ്മാണ്ഡാതീതമായ കേവലതത്വത്തേയും സൂചിപ്പിക്കുന്നു. അതിനാൽ അകാരംകൊണ്ടു തുടങ്ങുന്ന പ്രണവത്തിൻെറ അന്ത്യമാത്രയായ നാദത്തിൽ അക്ഷരങ്ങളെ ലയിപ്പിച്ചു കർത്താവെന്നഭിമാനിക്കുന്ന ജീവനും ലയിക്കുന്നപക്ഷം തന്നിൽ ഒതുങ്ങിനില്ക്കുന്ന സംസാരത്തോടുകൂടി ജീവൻ കേവലബ്രഹ്മത്തിൽ ലയിച്ചു ബ്രഹ്മമയമായിത്തീരുന്നു. ഇതാണു് പ്രണവം ബ്രഹ്മവാചകമാണെന്നും പ്രണവാനുസന്ധാനംകൊണ്ടു മോക്ഷമുണ്ടാവുമെന്നും പറയുന്നതു്.

8. ഗച്ഛൻ തിഷ്ഠൻ സദാകാലം
വായുസ്വീകരണം പരം
സർവ്വകാലപ്രയോഗേന
സഹസ്രായുർഭവേന്നരഃ.

സാരം:— നടക്കുമ്പോഴും ഇരിക്കുമ്പോഴും എന്നുവേണ്ട എല്ലാം സമയത്തും വായുവിനെ കഴിയുന്നതു ഉള്ളിലേയ്ക്കു വലിച്ചൊതുക്കി പുറമേയ്ക്കു വിടാതെ സൂക്ഷിച്ചുകൊണ്ടുള്ള അഭ്യാസത്തെ ചെയ്യുന്നവൻ ചിരഞ്ജീവിയായി ഭവിക്കും.

9. യാവൽ പശ്യേൽ ഖഗാകാരം
തദാകാരം വിചിന്തയേൽ.

സാരം:—ഇപ്രകാരം ബ്രഹ്മസ്വരൂപത്തിന്റെ അഭേദസാക്ഷാല്ക്കാരം സിദ്ധിക്കുന്നതുവരെ നിരന്തരമായ ബ്രഹ്മധ്യാനത്തോടുകൂടിയ പ്രണവാനു സന്ധാനരൂപേണയുള്ള പ്രാണായാമം ചെയ്തുകൊണ്ടിരിക്കണം.

10. ഖമദ്ധ്യേ കുരു ചാത്മാനം
ആത്മമദ്ധ്യേ ച ഖം കുരു
ആത്മാനം ഖമയം കൃത്വാ
ന കിഞ്ചിദപി ചിന്തയേൽ.

സാരം:—അവധിയററ ചിദാകാശത്തെ ആത്മാവെന്ന ബോധത്തോടുകൂടിയ, അല്ലെങ്കിൽ ആത്മാവിനെ ചിദാകാശരൂപേണയോ—രണ്ടായാലും ആത്മാവും ചിദാകാശവും രണ്ടല്ലാത്ത നിലയിൽ—മറെറാന്നിന്റേറയും ഓർമ്മയില്ലാതെ ധ്യാനിക്കുന്നതു പരമാത്മധ്യാനമായിത്തീരുന്നു. അങ്ങിനെയാണ് മുൻപറഞ്ഞ പ്രാണായാമാഭ്യാസത്തോടുകൂടി ധ്യാനിക്കേണ്ടതു്.

11. സ്ഥിരബുദ്ധിരസമ്മൂഢോ
ബ്രഹ്മവിൽ ബ്രഹ്മണി സ്ഥിതഃ
ബഹിർവ്യോമസ്ഥിതം നിത്യം
നാസാഗ്രേ ച വ്യവസ്ഥിതം
നിഷ്കളം തം വിജാനീയാൽ
ശ്വാസോ യത്ര ലയം ഗതഃ.

സാരം:—ഇപ്രകാരം അഭ്യാസംകൊണ്ടു ജ്ഞാനിയും (ജ്ഞാനത്തിന്ന്—ലക്ഷ്യത്തിന്ന്—ദൃഢതവന്നവനും) ബ്രഹ്മത്തിൽ നിശ്ചയജ്ഞാനത്തോടുകൂടിയവനും, ഒരിക്കലും മനസ്സിന്നു മൌഢ്യമോ സംശയമോ സംഭവിക്കാത്തവനുമായ മുമുക്ഷു ശ്വാസവായുപോലും ലയത്തെ പ്രാപിക്കുന്ന ഭ്രൂമദ്ധ്യത്തിൽ ധ്യാനംകൊണ്ടുറപ്പിക്കപ്പെട്ടതും ചിദാകാശരൂപവുമായ ബ്രഹ്മം നിഷ്കളമെന്നും അറിയണം. നിർഗ്ഗുണബോധമുണ്ടാവണമെന്നു താൽപര്യം.

12. പുടദ്വയവിനിർമ്മുക്തോ
വായുര്യത്ര വിലീയതേ
തത്ര സംസ്ഥം മനഃ കൃത്വാ
തം ധ്യായേൽ പാർത്ഥ! ഈശ്വരം.

സാരം:—സംസാരസ്ഥത്തിൽ വന്നും പോയുംകൊണ്ടിരിക്കുന്ന ശ്വാസവായു എവിടെയാണ് നിശ്ചലമായി കുംഭകത്തെ പ്രാപിച്ചു ലയിക്കുന്നതു്, ആ ഭ്രൂമദ്ധ്യത്തിൽ മനസ്സിനെ നിർത്തി ഏകാഗ്രമായി മുൻപറഞ്ഞ ഈശ്വരചൈതന്യത്തെ ചിദാകാശസ്വരൂപേണ ധ്യാനിക്കണം. ധ്യാനത്തിൻെറ ഭ്രൂക്കളുടെ സ്ഥാനംതന്നെ ആണെന്നു ചുരുക്കം.

13. നിഷ്കളം തം വിജാനീയാൽ
ഷഡൂർമ്മിരഹിതം ശിവം.

സാരം:—ധ്യേയവസ്തു വിശപ്പു ദാഹം തുടങ്ങിയ 'ഷഡൂർമ്മിപീഡ' കളില്ലാത്തതും നിരഹങ്കാരവും പരമമംഗളരൂപമായ പരമേശ്വരനായി അറിയപ്പെടുകയും വേണം.

14. പ്രഭാശൂന്യം മനഃശൂന്യം
ബുദ്ധിശൂന്യം നിരാമയം.

സാരം:—മുൻപറഞ്ഞ ചിദാകാശധ്യാനം വേണ്ടുംവണ്ണം ശീലിച്ചുവന്നാൽ സങ്കല്പങ്ങൾ അകന്ന ചിത്തവൃത്തികൾക്കു് അടിസ്ഥാനമായ പ്രകാശം അല്ലെങ്കിൽ ചിത്തം ശേഷിക്കുകയും. അനന്തരം പ്രകാശവും മറഞ്ഞു നാമരൂപങ്ങളൊതുങ്ങിയ മനോരൂപം ശേഷിക്കുകയും, അതും ക്രമത്തിൽ ഒതുങ്ങി സുഖദുഃഖങ്ങളെ അറിയുന്ന ബുദ്ധിമാത്രമായി ശേഷിക്കുകയും, പിന്നീട് ആ ബുദ്ധിയും ഒതുങ്ങി യാതൊന്നുമില്ലാത്തതും, ഇന്നതെന്നു പറവാനോ, അറിവാനോ സാധിക്കാത്തതും, സുഖദുഃഖരഹിതവും, അപരിച്ഛിന്നവും കേവലവുമായ ബ്രഹ്മമായി ശേഷിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയ്ക്കു് സമാധി എന്നു പറയും.

15. സർവ്വശൂന്യം നിരാഭാസം
സമാധിസ്ഥസ്യ ലക്ഷണം
ത്രിശൂന്യം യോ വിജാനീയാൽ
സ തു മുച്യേത ബന്ധനാൽ.

സാരം:— സ്ഥൂലസൂക്ഷ്മകാരണങ്ങളാകുന്ന മൂന്നു രൂപത്തിൽ പ്രപഞ്ചത്തെ പ്രതിഫലിപ്പിക്കുന്ന ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകൾക്കു കാരണമായ മുൻപറയപ്പെട്ട ചിത്തം, മനസ്സ്, ബുദ്ധി എന്നീ മൂന്നിന്റേയും അഭാവത്തിൽ ആത്മാഭാസമാകുന്ന ജീവാഭിമാനത്തോടുകൂടാതെയുള്ള സ്ഥിതി സമാധിലക്ഷണമാകുന്നു. ഈ സ്ഥിതിയിൽ ഉണർവ്വു കിട്ടിയവൻ മുക്തനെന്നറിയണം.

16. സ്വയമുച്ചലിതേ ദേഹേ
ദേഹീ ന്യസ്തസമാധിനാ
നിശ്ചലം തം വിജാനീയാൽ
സമാധിസ്ഥസ്യ ലക്ഷണം.

സാരം:— അനാദിപ്രാരബ്ധകർമ്മവാസനാവശാൽ ദേഹം തന്നത്താൻ നടക്കുകയോ ഇരിക്കുകയോ ഇളകുകയോ ചെയ്യുന്നുണ്ടെങ്കിലും ജീവൻ നിശ്ചലാവസ്ഥയിൽ ലയിച്ചിരിക്കുന്നു എങ്കിൽ അതു സമാധിലക്ഷണമാകുന്നു.

17. അമാത്രം ശബ്ദരഹിതം
സ്വരവ്യഞ്ജനവർജ്ജിതം
ബിന്ദുനാദകലാതീതം
യസ്തം വേദ സ വേദവിൽ.

സാരം:— ഹ്രസ്വം, ദീർഘം, പ്ലുതമെന്ന ഉച്ചാരണമാത്രയോടുകൂടാത്തതും, സ്വരം, വ്യഞ്ജനം എന്നീ രണ്ടുവിധം അക്ഷരങ്ങളുടെ മേളനമാകുന്ന പദവാചകാദിവിഹീനവും, അക്ഷരരഹിതമായ ബിന്ദു, നാദം, കല എന്നിവയെ അതിക്രമിച്ചുനില്ക്കുന്നതുമായ അതിനെ (ബ്രഹ്മത്തെ) അറിയുന്നവൻ വേദജ്ഞനെന്നു പറയപ്പെടുന്നു.

18. പ്രാപ്തേ ജ്ഞാനേന വിജ്ഞാനേ
ജ്ഞേയേ ച ഹൃദി സംസ്ഥിതേ
ലബ്ധശാന്തിപദേ ദേഹേ
ന യോഗോ നൈവ ധാരണാ.

സാരം:— പരോക്ഷമായ വാചികജ്ഞാനംകൊണ്ടും, നിരന്തരമായ ചിന്തനം, അഭ്യാസം എന്നിവയാലും ക്രമേണ അപരോക്ഷാനുഭൂതി കൈവന്ന്, ജ്ഞേയവസ്തു അനന്യമാകുംവണ്ണം വികസിച്ച ദേഹോപാധിസ്ഥനായ ജീവൻ ഉപാധിവിസ്മൃതിയാൽ കേവലശാന്തിയെ പ്രാപിച്ച ലയിച്ചുകഴിഞ്ഞാൽ പിന്നെ ആ സമാധിസ്ഥനു യോഗമോ ധാരണയോ ഒന്നുംതന്നെ ശേഷിക്കുന്നില്ല.

19. യോ വേദാദൌ സ്വരഃ പ്രോക്തോ
വേദാന്തേ ച പ്രതിഷ്ഠിതഃ
തസ്യ പ്രകൃതിലീനസ്യ
യഃ പരഃ സ മഹേശ്വരഃ.

സാരം:—എല്ലാ വേദങ്ങളുടേയും ആദിമദ്ധ്യാവസാനങ്ങളിൽ ജ്ഞാനസ്വരൂപമായും ബ്രഹ്മവാചകമായും രക്ഷാമന്ത്രമായും പുകഴ്ത്തപ്പെട്ട പ്രണവത്തിൻെറ അന്ത്യമാത്രയായ അനാദിനാദത്തിൽ ലയിക്കുന്നവൻ ആ നാദസ്വരൂപമാകുന്ന പരമേശ്വരൻതന്നെ ആകുന്നു. അതിനാൽ മുൻപറയപ്പെട്ട സമാധിസ്ഥൻ യോഗിയോ സാധകനോ അല്ല, സാക്ഷാൽ മഹേശ്വരൻതന്നെ ആയി എന്നു ചുരുക്കം.

20. നാവാർത്ഥി തു ഭവേൽ താവൽ
യാവൽ പാരം ന ഗച്ഛതി
ഉത്തീർണ്ണേ തു സരിൽപാരേ
നാവയാ കിം പ്രയോജനം?

സാരം:—പുഴ കടക്കാതിരിക്കുംകാലത്തോളമാണ് ഒരാൾക്കു തോണിയുടെ ആവശ്യമുള്ളതു്. പുഴ കടന്നുകഴിഞ്ഞാൽ പിന്നെ തോണിയുടെ

ആവശ്യമില്ലല്ലോ. അതുപോലെ മുക്തനായിക്കഴിഞ്ഞ സമാധിസ്ഥനു യോഗം തുടങ്ങിയ ഉപകരണങ്ങളുടെ ആവശ്യമില്ലെന്നൎത്ഥം.

21. ഗ്രന്ഥമഭ്യസ്യ മേധാവീ
ജ്ഞാനവിജ്ഞാനതൽപരഃ
പലാലമിവ ധാന്യാൎത്ഥീ
ത്യജേൽ ഗ്രന്ഥമശേഷതഃ.

സാരം:—ഗ്രന്ഥപാരായണം വളരെ നല്ലതാണ്. പക്ഷേ, ഓരോ ഗ്രന്ഥത്തിൽനിന്നും അറിയാനുള്ളതിനെ അറിഞ്ഞുകഴിഞ്ഞാൽ നെല്ലെടുത്തു വയ്ക്കോൽ ഉപേക്ഷിക്കുന്നതുപോലെ ഗ്രന്ഥത്തെ ഉപേക്ഷിക്കണം. ഇല്ലെങ്കിൽ ഗ്രന്ഥപാരായണംതന്നെ ജീവിതപ്രയോജനമായി വന്നേയ്ക്കും. അതല്ല; ജ്ഞാനവിജ്ഞാനസമ്പാദനമാണ് ജീവിതപ്രയോജനമെന്നു മറക്കരുതെന്നു സാരം.

22. ഉൽക്കാഹസ്തോ യഥാകാലം
ദ്രവ്യമാലോക്യ താം ത്യജേൽ
ജ്ഞാനേന ജ്ഞേയമാലോക്യ
ജ്ഞാനം പശ്ചാൽ പരിത്യജേൽ.

സാരം:—കാണേണ്ട പദാൎത്ഥത്തെ കണ്ടുകഴിഞ്ഞാൽ, അല്ലെങ്കിൽ എത്തേണ്ട ദിക്കിൽ എത്തിക്കഴിഞ്ഞാൽ ചൂട്ട്, ഉപേക്ഷിക്കാമല്ലോ. അതുപോലെ ജ്ഞാനംകൊണ്ടു ജ്ഞേയവസ്തുവെ അറിഞ്ഞു കഴിഞ്ഞാൽ പിന്നെ ജ്ഞാനത്തേയും ഉപേക്ഷിക്കാം.

23. യഥാമൃതേന തൃപ്തസ്യ
പയസാ കിം പ്രയോജനം?
ഏവം തം പരമം ജ്ഞാത്വാ
വേദൈൎന്നാസ്തി പ്രയോജനം.

സാരം:—അമൃതപാനംകൊണ്ടു സംതൃപ്തനായവനു വെള്ളംകൊണ്ടു പ്രയോജനമില്ലാത്തതുപോലെ പരമപദത്തെ പ്രാപിച്ചവനു വേദങ്ങളെക്കൊണ്ടും പ്രയോജനമൊന്നുമില്ല.

24. ജ്ഞാനാമൃതേന തൃപ്തസ്യ
കൃതകൃത്യസ്യ യോഗിനഃ
ന ചാസ്തി കിഞ്ചിൽ കർത്തവ്യ-
മസ്തി ചേൽ ന സ തത്വവിൽ.

സാരം:—ജ്ഞാനാമൃതംകൊണ്ടു സംതൃപ്തനും, സർവ്വഥാ കൃതകൃത്യനുമായ യോഗിക്ക് ഈ ലോകത്തിൽ യാതൊന്നും ചെയ്യപ്പെടേണ്ടതായിട്ടില്ല. അഥവാ വല്ലതും ചെയ്യപ്പെടേണ്ടതായി തോന്നുന്നുണ്ടെങ്കിൽ അയാൾ തത്വജ്ഞനല്ലതാനും.

25. തൈലധാരമിവാച്ഛിന്നം
ദീർഘഘണ്ടാനിനാദവൽ
അവാച്യം പ്രണവസ്യാഗ്രം
യസ്തം വേദ സ വേദവിൽ.

സാരം:—എണ്ണധാരപോലെ ഇടമുറിയാതെ മണിനാദംപോലെ സുദീർഘമായ പ്രണവത്തിൻെറ അന്ത്യമാത്രയായ നാദത്തിൻെറ ലയസ്ഥാനമായ മനോവാഗ്ഗോചരമല്ലാത്ത ബ്രഹ്മത്തെ അറിയുന്നവൻ വേദജ്ഞനാകുന്നു.

26. ആത്മാനമരണിം കൃത്വാ
പ്രണവം ചോത്തരാരണിം
ധ്യാനനിർമ്മഥനാഭ്യാസാൽ
ദേവം പശ്യേൽ നിഗൂഢവൽ.

സാരം:—ഞാനെന്ന ഓർമ്മയെ (കർതൃഭാവനയെ) ചുവട്ടിലെ അരണിമരക്കഷണമായും, പ്രണവത്തെ (പ്രണവാനുസന്ധാനത്തെ) മുകളിലെ അരണിമരക്കഷണമായും കല്പിച്ചു നിരന്തരധ്യാനമാകുന്ന കയറുകൊണ്ടു ചുററിക്കടയുമ്പോൾ പുറപ്പെടുന്ന ജ്ഞാനമാകുന്ന അഗ്നിപ്രകാശത്തിൽ ഈശ്വരതത്വത്തെ നിഗൂഢമാകും വണ്ണം ദർശിക്കണം.

27. താദൃശം പരമം രൂപം
സ്മരേൽ പാൎത്ഥ ഹ്യനന്യധീഃ
വിധൂമാഗ്നിനിഭം ദേവം
പശ്യേദത്യന്തനിൎമ്മലം.

സാരം:—ഹേ അൎജ്ജുന! മുൻപറയപ്പെട്ട രീതിയിൽ കേവലമായ പരമസ്വരൂപത്തെ നിരന്തരമായി അന്യവസ്തുസ്മരണകൂടാതെ ധ്യാനിക്കണം. ആ ധ്യാനം പരിപക്വമാവുമ്പോൾ പുകയില്ലാത്ത അഗ്നിപോലെ പ്രകാശമാനനും, അതിനിൎമ്മലനുമായ ദേവനെ (ഈശ്വരതത്വത്തെ) കാണാനിടവരും.

28. ദൂരസ്ഥോപി ന ദൂരസ്ഥഃ
പിണ്ഡസ്ഥഃ പിണ്ഡവൎജ്ജിതഃ
വിമലഃ സൎവ്വദാ ദേഹീ
സൎവ്വവ്യാപീ നിരഞ്ജനഃ

29. കായസ്ഥോപി ന കായസ്ഥഃ
കായസ്ഥോപി ന ജായതേ
കായസ്ഥോപി ന ഭുഞ്ജാനഃ
കായസ്ഥോപി ന ബദ്ധ്യതേ.
കായസ്ഥോപി ന ലിപ്തഃ സ്യാൽ
കായസ്ഥോപി ന ബാദ്ധ്യതേ.

സാരം:—മുൻപറയപ്പെട്ട ദേവൻ (ഈശ്വരചൈതന്യം) ജ്ഞാനവിജ്ഞാനവിഹീനന്മാരായ വിഷയികൾക്ക വിദൂരവും, എന്നാൽ ജ്ഞാനിക്ക് അത്യന്തസമീപസ്ഥവും, ശരീരോപാധിയുക്തമാണെങ്കിലും, വിദേഹമായും, രജസ്തമോമാലിന്യങ്ങൾ തീണ്ടാതെ എങ്ങും നിറഞ്ഞതായും, യാതൊരു ചിത്തവൃത്തികളുമില്ലാത്തതായും, ശരീരസ്ഥിതമാണെങ്കിലും ശാരീരികധൎമ്മങ്ങളായ ജനനം, മരണം; ജര, നര; ആഹാരം, നീഹാരം; നിദ്ര, മൈഥുനം; ബന്ധം, മോക്ഷം; രാഗം, ദ്വേഷം—ഇത്യാദി യാതൊരു

ബാധകളുമില്ലാത്തതായും എപ്പോഴും നിർല്ലേപമായി പ്രകാശിച്ചുകൊണ്ടു മിരിക്കുന്നു.

30. തിലമദ്ധ്യേ യഥാ തൈലം
ക്ഷീരമദ്ധ്യേ യഥാ ഘൃതം
പുഷ്പമദ്ധ്യേ യഥാ ഗന്ധഃ
ഫലമദ്ധ്യേ യഥാ രസഃ

31. കാഷ്ഠാഗ്നിവൽ പ്രകാശേത
ആകാശേ വായുവൽ ചരേൽ.

സാരം:—ആത്മതത്വം അങ്ങിനെ സൎവ്വഗതവും, സൎവ്വാന്തൎയ്യാമിയുമാണ്. എങ്കിലും എള്ളിൽ എണ്ണപോലെയും, പാലിൽ വെണ്ണപോലെയും, പുഷ്പത്തിൽ വാസനപോലെയും, പഴത്തിൽ രസംപോലെയും, മരക്കഷണത്തിൽ അഗ്നിപോലെയും, ആകാശത്തിൽ വായുപോലെയും സൎവ്വഗതമായി സ്ഥിതിചെയ്യുന്നു. അതിനാൽ എള്ളിൽനിന്ന് എണ്ണയും, പാലിൽനിന്നു വെണ്ണയും മററും വേർതിരിച്ചെടുപ്പാൻ എപ്രകാരം പ്രയത്നവും, ഹേയാംശത്യാഗവും വേണ്ടിവരുന്നുവോ, അതുപോലെ അന്നമയാദി പഞ്ചകോശാന്തഃസ്ഥിതമായ ആത്മതത്വത്തെ ഹേയാംശത്യാഗംകൊണ്ടു സ്വയംപ്രകാശനും, നിരതിശയാനന്ദാനുഭോക്താവുമാക്കിത്തീൎക്കാനും കഴിയുമെന്നു താല്പൎയ്യം.

32. തഥാ സൎവ്വഗതോ ദേഹീ
ദേഹമദ്ധ്യേ വ്യവസ്ഥിതഃ
മനസ്ഥോ ദേഹിനാം ദേവോ
മനോമദ്ധ്യേ വ്യവസ്ഥിതഃ.

സാരം:—ദേഹി അല്ലെങ്കിൽ ആത്മാവു സൎവ്വഗതമാണെങ്കിലും, വായു സൎവ്വഗതമാണെങ്കിലും എപ്രകാരം ആകാശത്തിൽ വ്യവസ്ഥിതമായിരിക്കുന്നുവോ, അഗ്നി സൎവ്വഗതമാണെങ്കിലും എപ്രകാരം ദീപാദികളിൽ വ്യവസ്ഥിതമായിരിക്കുന്നുവോ, അതുപോലെ ശരീരത്തിൽ വ്യവസ്ഥിതമായിരിക്കുന്നു, മാത്രമല്ല, ശരീരസ്ഥമാണെങ്കിലും ശരീരാന്തൎഗ്ഗതമനസ്സത്വ

ത്തിലാണ് വ്യവസ്ഥിതമായിരിക്കുന്നത്. വിചാരവികാരങ്ങൾക്കൊക്കെയും ആസ്പദം മനസ്സാണല്ലോ; അതിനാൽ മനോമദ്ധ്യത്തിൽ വ്യവസ്ഥിതമായിരിക്കുന്നു.

33. മനഃസ്ഥം മനമദ്ധ്യസ്ഥം
മദ്ധ്യസ്ഥം മനവർജ്ജിതം
മനസാ മന ആലോക്യ
സ്വയം സിദ്ധ്യന്തി യോഗിനഃ.

സാരം:— മനോമദ്ധ്യസ്ഥിതമാണെങ്കിലും മനസ്സിന്നു സാക്ഷിയായും, സർവ്വത്തിന്നും സാക്ഷിയായും, മനോരഹിതമായും, സ്ഥിതമായ ആത്മതത്വത്തെ ശുദ്ധാന്തഃകരണംകൊണ്ടു കണ്ടറിഞ്ഞു യോഗികൾ സ്വയം സിദ്ധന്മാരായിത്തീരുന്നു.

34. ആകാശം മാനസം കൃത്വാ
മനഃ കൃത്വാ നിരാസ്പദം
നിശ്ചലത്വം വിജാനീയാൽ
സമാധിസ്ഥസ്യ ലക്ഷണം.

സാരം:—മനസ്സിനെ ആകാശംപോലെ നിർമ്മലവും, നിരാസ്പദവും, നിശ്ചലവുമാക്കിച്ചെയ്തു് എപ്പോഴും ആത്മതത്വത്തെ അവലോകനംചെയ്യുന്നു എന്നുള്ളതു് സമാധിസ്ഥൻെറ ലക്ഷണമാകുന്നു.

35. യോഗാമൃതരസം പീത്വാ
വായുഭക്ഷഃ സദാ സുഖീ
യമമഭ്യസതേ നിത്യം
സമാധിർമൃത്യുനാശകഃ.

സാരം:—യോഗാഭ്യാസത്തിൻെറ അന്ത്യസംസ്കാരമായ അമൃതത്വത്തെ അനുഭവിച്ചും, വായുമാത്രഭക്ഷണംകൊണ്ടു സംതൃപ്തനും, എപ്പോഴും സുഖിയുമായിത്തീൎന്ന യോഗി ബാഹ്യാഭ്യന്തരതടസ്ഥങ്ങളെ അതിലംഘിച്ചു പ്രാപിക്കുന്നതായ സമാധി മരണത്തെപ്പോലും ജയിക്കുന്നു.

36. ഊൎദ്ധ്വശൂന്യമധഃശൂന്യം
മദ്ധ്യശൂന്യം യദാത്മകം
സൎവ്വശൂന്യം സ ആത്മേതി
സമാധിസ്ഥസ്യ ലക്ഷണം.

സാരം:—ദേശകാലാപരിച്ഛിന്നമാണ് ആത്മാവെന്ന് അറിഞ്ഞു കൊണ്ടുള്ള അനുഷ്ഠാനം സമാധിലക്ഷണമാകുന്നു.

37. ശൂന്യഭാവിതഭാവാത്മാ
പുണ്യപാപൈഃ പ്രമുച്യതേ.

സാരം:—അങ്ങിനെ ദേശകാലാപരിച്ഛിന്നമായ ആത്മാനുഭൂതിയിൽ താദാത്മ്യം പ്രാപിച്ചവൻ പുണ്യപാപങ്ങളിൽനിന്നു മോചിക്കപ്പെടുന്നു.

അൎജ്ജുന ഉവാച:

38. അദൃശ്യേ ഭാവനാ നാസ്തി
ദൃശ്യമേതൽ വിനശ്യതി
അവൎണ്ണമസ്വരം ബ്രഹ്മ
കഥം ധ്യായന്തി യോഗിനഃ?

സാരം:—അൎജ്ജുനൻ ചോദിച്ചു: അദൃശ്യമായിരിക്കുന്ന ആത്മതത്വം മനോവാക്കുകൾക്കു ഗോചരമല്ല. ദൃശ്യമായിരിക്കുന്ന ജഗത്തു നശിക്കുന്നതുമാണ്, എന്നു വരുമ്പോൾ ശബ്ദനാദാതീതമായിരിക്കുന്ന ബ്രഹ്മത്തെ എങ്ങിനെ യോഗികൾ ധ്യാനിക്കുന്നു?

ശ്രീഭഗവാനുവാച:

39. ഊൎദ്ധ്വപൂൎണ്ണമധഃപൂൎണ്ണം
മദ്ധ്യപൂൎണ്ണം യദാത്മകം
സൎവ്വപൂൎണ്ണം സ ആത്മേതി
സമാധിസ്ഥസ്യ ലക്ഷണം.

സാരം:—ഭഗവാൻ അരുളിച്ചെയ്തു: ഊർദ്ധ്വമദ്ധ്യാധോരഹിതമായി എങ്ങും നിറഞ്ഞതായി, മറെറാന്നില്ലാത്തതായി ദേശകാലങ്ങളാൽ പരിച്ഛേദിക്കപ്പെടാത്തതായി, സർവ്വാത്മകമായി സ്ഥിതിചെയ്യുന്ന ആത്മാവെന്നുള്ള ബോധംതന്നെ അവരുടെ ധ്യാനം. അതുതന്നെ സമാധിലക്ഷണവുമാകുന്നു.

അർജ്ജുന ഉവാച:

40. സാലംബസ്യാപ്യനിത്യത്വം
നിരാലംബസ്യ ശൂന്യതാ
ഉഭയോരപി ശൂന്യത്വാൽ
കഥം ധ്യായന്തി യോഗിനഃ.

സാരം:—അർജ്ജുനൻ ചോദിച്ചു: മറെറാന്നിനെ ആശ്രയിച്ചു നില്ക്കുന്ന ഈ ജഗത്തു തീർച്ചയായും നശിക്കും. അന്യാശ്രയമില്ലാത്ത ബ്രഹ്മമാകട്ടെ ജ്ഞാനശൂന്യവുമാണ്. ഇങ്ങനെ ജഗത്തിന്നും ബ്രഹ്മത്തിന്നും പൂർവ്വാപരവിരുദ്ധമായ വൈരുദ്ധ്യം ഉണ്ടാകയാൽ യോഗികൾക്കെങ്ങിനെ ബ്രഹ്മത്തെ ധ്യാനിപ്പാൻ കഴിയും?

ശ്രീഭഗവാനുവാച:

41. ഹൃദയം നിർമ്മലം കൃത്വാ
ചിന്തയിത്വാപ്യനാമയം
അഹമേവ ഇദം സർവ്വ-
മിതി പശ്യേൽ പരം സുഖീ.

സാരം:—ശ്രീഭഗവാനരുളിച്ചെയ്തു: ആത്മാനുഭൂതിക്ക തടസ്ഥമായ രാഗദ്വേഷാദിചിത്തവൃത്തികളെ അകററി അന്തഃകരണത്തെ പരിശുദ്ധമാക്കി പരമമംഗളാത്മകമായ ആത്മകലയെ ധ്യാനിച്ച് ഈ ജഗത്തു മുഴവൻ 'ഞാനെ'ന്നും സർവ്വവും എന്നിൽനിന്നുണ്ടായതും എന്നിൽ നിലനില്ക്കുന്നതും എന്നിൽത്തന്നെ ലയിക്കുന്നതുമാണെന്നും, ഞാൻ അഖണ്ഡനും അനാദിയുമായ പരമേശ്വരനാണെന്നുമുള്ള അനുസന്ധാനത്തോടുകൂടി പരതത്വ

ത്തെ ഉദ്ദേശിച്ച പരമാനന്ദത്തിൽ ആറാടുന്നു എന്നുള്ളതുതന്നെ യോഗികളുടെ ധ്യാനം.

അജ്ജുന ഉവാച:

42. അക്ഷരാണി സമാത്രാണി
സർവ്വേ ബിന്ദുസമാശ്രിതാഃ
ബിന്ദുർഭിദ്യതി നാദേന
സ നാദഃ കേന ഭിദ്യതേ?

സാരം:—അജ്ജുനൻ ചോദിച്ചു: മാത്രാസ്വരൂപങ്ങളായ അക്ഷരങ്ങൾ ബിന്ദുവിലും, ബിന്ദു നാദത്തിലും ലയിക്കുന്നു. എന്നാൽ അനാഹതവും അനാദിയുമായ ആ നാദം ഏതിൽ ലയിക്കുന്നു?

ശ്രീഭഗവാനുവാച:

43. അനാഹതസ്യ ശബ്ദസ്യ
തസ്യ ശബ്ദസ്യ യോ ധ്വനിഃ
ധ്വനിരന്തർഗ്ഗതം ജ്യോതിഃ
ജ്യോതിരന്തർഗ്ഗതം മനഃ
തന്മനോ വിലയം യാതി
തദ്വിഷ്ണോഃ പരമം പദം.

സാരം:—ശ്രീഭഗവാനരുളിച്ചെയ്തു: അനാഹതമായ പ്രണവശബ്ദത്തിന്റെ അന്ത്യമാത്രയായ അനാഹതനാദം അകൃത്രിമമായ അന്ത്യജ്യോതിസ്സിലും, ആ ജ്യോതിസ്സ ശുദ്ധാന്തഃകരണത്തിലും, ആ അന്തഃകരണം കേവലമായ പരമപദത്തിലും ലയിക്കുന്നു.

44. ഓംകാരധ്വനിനാദേന
വായോഃ സംഹരണാന്തികം
നിരാലംബം സമുദ്ദിശ്യ
യത്ര നാദോ ലയം ഗതഃ.

സാരം:—പ്രണവത്തിൻെറ മാത്രാത്രയാത്മകമായ സുദീർഘാഭ്യാസം കൊണ്ടു പ്രാണവായുവിൻെറ രേചകപൂരകകുംഭകാത്മകമായ പ്രാണായാമവും, അന്ത്യമാത്രാഭ്യാസത്തിൽ പ്രാണവായുവിൻെറ ലയവും സംഭവിക്കുന്നതിനാൽ പ്രണവത്തിൻെറ അന്ത്യമാത്രയായ നാദാന്തം പ്രാണനോടൊപ്പം കേവലപദത്തിൽ ലയിക്കുന്നു.

അൎജ്ജുന ഉവാച:

45. ഭിന്നേ പഞ്ചാത്മകേ ദേഹേ
ഗതേ പഞ്ചസു പഞ്ചധാ
പ്രാണൈൎവ്വിമുക്തേ ദേഹേ തു
ധൎമ്മാധൎമ്മൗ ക്വ ഗച്ഛതഃ.

സാരം:—അൎജ്ജുനൻ ചോദിച്ചു: പഞ്ചഭൂതാത്മകമായ ദേഹം ഭേദിച്ചു പഞ്ചഭൂതങ്ങളിൽ ഓരോന്നും അതതിൻെറ സമഷ്ടിഭൂതത്തിൽ ലയിക്കുകയും, പ്രാണാദിപഞ്ചവായുക്കളും അവയുടെ സമഷ്ടിയായ വിശ്വപ്രാണനിൽ ലയിക്കുകയും, ജീവൻ കേവലത്വത്തെ പ്രാപിച്ചു വ്യക്തിത്വം ഇല്ലാതാകയും ചെയ്യുമ്പോൾ അതുവരെ ജീവനോടു ബന്ധിച്ചുനിന്നിരുന്ന പുണ്യപാപങ്ങൾ എവിടെപ്പോകും?

ശ്രീഭഗവാനുവാച:

46. ധൎമ്മാധൎമ്മൗ മനശ്ചൈവ
പഞ്ചഭൂതാനി യാനി ച
ഇന്ദ്രിയാണി ച പഞ്ചൈവ
യാശ്ചാന്യാഃ പഞ്ച ദേവതാഃ.

47. താശ്ചൈവ മനസാ സൎവ്വേ
നിത്യമേവാഭിമാനതഃ
ജീവേന സഹ ഗച്ഛന്തി
യാവൽ തത്വം ന വിന്ദതി.

സാരം:—ഭഗവാനരുളിച്ചെയ്തു: ധർമ്മാധർമ്മങ്ങളും, പഞ്ചഭൂതങ്ങളും, ഇന്ദ്രിയങ്ങളും, ഇന്ദ്രിയാഭിമാനികളായ ദേവതകളും എന്നു വേണ്ട ജഗത്തിൻെറ സർവ്വഘടകങ്ങളും മനസ്സിലാണ് നില്ക്കുന്നത് ആ മനസ്സു ലയിച്ചല്ലാതെ ജീവൻ കേവലതത്വത്തെ പ്രാപിക്കുക എന്നത് അസംഭാവ്യമാകുന്നു തത്വാനുഭൂതി വന്നവർക്ക മനസ്സു ലയിച്ചു കഴിഞ്ഞിട്ടുണ്ടാവും. മനോലയം വന്നവർക്ക പുണ്യപാപങ്ങളോ കർത്തൃകർമ്മങ്ങളോ ശേഷിക്കുന്നില്ല. അതില്ലാത്തവർക്ക കേവലാനന്ദാനുഭൂതിക്ക് അധികാരമില്ലാത്തതിനാൽ ശരീരത്യാഗത്തിൽ മനസ്സു ജീവനോടുകൂടി മറെറാരു ശരീരത്തെ പ്രാപിക്കാൻ പോവുകയും ചെയ്യുന്നു.

അർജ്ജുന ഉവാച:

48. സ്ഥാവരം ജംഗമം ചൈവ
യൽകിഞ്ചിൽ സചരാചരം
ജീവാഃ ജീവേന സിദ്ധ്യന്തി
സ ജീവഃ കേന സിദ്ധ്യതി?

സാരം:—അർജ്ജുനൻ പറഞ്ഞു: ചരാചരാത്മകമായ പ്രപഞ്ചത്തിൽ ഓരോ ശരീരത്തെയും അഭിമാനിച്ചുകൊണ്ടിരിക്കുന്ന ജീവന്മാർ അതതിൻെറ ആന്തരജീവന്മാരാൽ ശുദ്ധീകരിക്കപ്പെടുന്നു. അതായതു്, സ്ഥൂലശരീരത്തെ ഞാനെന്നഭിമാനിച്ചുവരുന്ന 'വിശ്വ'നെന്ന ജീവൻ സൂക്ഷ്മശരീരാഭിമാനിയായ 'തൈജസ'നിൽ ലയിക്കുന്നു. 'തൈജസൻ' 'പ്രാജ്ഞ'നിൽ ലയിക്കുന്നു. എന്നാൽ അവസാനത്തിൽ ശേഷിക്കുന്ന ജീവൻ ഏതിൽ ലയിക്കുന്നു?

ശ്രീഭഗവാനുവാച:

49. മുഖനാസികയോർമ്മദ്ധ്യേ
പ്രാണഃ സഞ്ചരതേ സദാ
ആകാശഃ പിബതേ പ്രാണം
സ ജീവഃ കേന ജീവതി?

സാരം:— ഭഗവാനരുളിച്ചെയ്തു: അനന്തകോടി വാസനാസഞ്ചയത്തിൽ നിപീഡിതവും, ജീവോപാധിയുമായ ലിംഗശരീരത്തെ വഹിച്ചുകൊണ്ട് അജപാമന്ത്രസ്വരൂപമായ പ്രാണൻ ദിവസത്തിൽ ഇരുപത്തോരായിരത്തിയറുന്നൂറുപ്രാവശ്യം മുഖനാസികാമദ്ധ്യത്തിലൂടെ സഞ്ചരിക്കുന്നുണ്ടല്ലോ. എന്നാൽ യോഗശക്തികൊണ്ടു പ്രസ്തുതപ്രാണൻ ആകാശത്തിൽ ലയിക്കുമ്പോൾ ജീവോപാധിയായ സൂക്ഷ്മശരീരവും ലയിച്ചു ജീവൻ മാത്രമാവുകയും, ആ ജീവനു സങ്കുചിതമായ ഉപാധിയുടെ നാശത്താൽ അവിച്ഛിന്നത അനുഭൂതമാവുകയും ചെയ്യും.

അർജ്ജുന ഉവാച:

50. ബ്രഹ്മാണ്ഡവ്യാപിതം വ്യോമ
വ്യോമ്നാ ചാവേഷ്ടിതം ജഗൽ
അന്തർബ്ബഹിശ്ച തദ്വ്യോമ
കഥം ദേവോ നിരഞ്ജനഃ?

സാരം:—അർജ്ജുനൻ പറഞ്ഞു: ആകാശം ബ്രഹ്മാണ്ഡം മുഴുവൻ നിറഞ്ഞുനില്ക്കുന്നതായും, ആകാശമാകുന്ന കുഴിവിൽ ജഗത്ത് നില്ക്കുന്നതായിട്ടുമാണല്ലോ ഉള്ളത്. ജഗത്തിൻെറ അകത്തും പുറത്തും ആകാശം നിറഞ്ഞിരിക്കുന്നു. ആകാശം സഗുണവുമാണ്. എന്നാൽ ആകാശാത്മകനായ ജീവൻ എങ്ങിനെ നിർഗ്ഗുണനാവും?

ശ്രീഭഗവാനുവാച:

51. ആകാശേ ഹ്യവകാശശ്ച
ആകാശം വ്യാപിതം ച യൽ-
ആകാശസ്യ ഗുണഃ ശബ്ദോ
നിശ്ശബ്ദം ബ്രഹ്മ ചോച്യതേ.

സാരം:—ഭഗവാൻ അരുളിച്ചെയ്തു. അവകാശസ്വരൂപമായ ആകാശം മഹാകാശമോ പരിച്ഛിന്നാകാശമോ ഏതായാലും, ജഗത്തിൽ മുഴുവനും ജഗത്തിൻെറ പുറമേയും വ്യാപിച്ചുനില്ക്കുന്ന ആകാശം ശബ്ദമാകുന്ന

ഗ്ഗുണത്തോടുകൂടിയതാണ്. അതിനാലാണ് ആകാശം സഗ്ഗുണമെന്നു പറയപ്പെട്ടുവരുന്നത്. ശബ്ദമില്ലാത്ത ആകാശം കേവലബ്രഹ്മസ്വരൂപവുമാകുന്നു. ശബ്ദംകൂടി ഇല്ലാത്തതിനാൽ അതു നിർഗ്ഗുണവുമാണ്.

അർജ്ജുന ഉവാച:

52. ദന്തോഷ്ഠതാലുജിഹ്വാനാ-
മാസ്പദം യത്ര ദൃശ്യതേ
അക്ഷരത്വം കുതസ്തേഷാം
ക്ഷരത്വം വർത്തതേ സദാ.

സാരം:—അർജ്ജുനൻ ചോദിച്ചു: ബ്രഹ്മവാചകമെന്നു പറയപ്പെടുന്ന പ്രണവാദി അക്ഷരങ്ങൾ എങ്ങിനെ നാശരഹിതമായ ബ്രഹ്മത്തിൻെറ പ്രതിരൂപമാവും? എപ്പോഴും നാശോന്മുഖങ്ങളായ പല്ല്, ചുണ്ട്, അണ്ണാക്ക്, നാവ് എന്നിവയെ ആസ്പദിച്ചുമാത്രമാണ് മന്ത്രാക്ഷരങ്ങളുടെ സ്ഥിതി തന്നെ ഉള്ളതു്. മാത്രമല്ല, എപ്പോഴും ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്ന സ്വഭാവവും അവയ്ക്കുണ്ടു്. പിന്നെ എങ്ങിനെയാണ് മന്ത്രാക്ഷരങ്ങൾ അനാദിയും അനന്തവുമായ ബ്രഹ്മത്തിൻെറ പ്രതിരൂപങ്ങളാവുന്നതു്?

ശ്രീഭഗവാനുവാച:

53. അഘോഷമവ്യഞ്ജനമസ്വരം ചാ-
പ്യതാലുകണ്ഠോഷ്ഠമനാസികം ച
അരേഖജാതം പരമൂഷ്മവർജ്ജിതം
തദക്ഷരം ന ക്ഷരതേ കഥഞ്ചിൽ.

സാരം:—ശ്രീഭഗവാൻ അരുളിച്ചെയ്തു: ശബ്ദഘോഷമില്ലാതെ, സ്വരവ്യഞ്ജനവർഗ്ഗാപേക്ഷകൂടാതെ അണ്ണാക്ക്, കണ്ഠം, ചുണ്ട്, മൂക്ക് എന്നിവയുടെ സമ്പർക്കമില്ലാതെ രേഖാരൂപമില്ലാതെ ഊഷ്മാദിഭാവവ്യത്യാസമില്ലാതെ അനർഗ്ഗളമാകുംവണ്ണം പ്രവഹിക്കുന്ന അനാദിയായ യാതൊരു നാദമുണ്ടോ അതു ബ്രഹ്മപ്രതിരൂപമാകുന്നു. അതിന്നൊരിക്കലും നാശമില്ല. ആ അനാദിനാദത്തെ സൂചിപ്പിക്കുന്ന മന്ത്രാക്ഷരങ്ങൾ എന്ന കാരണത്താൽ അവയും ബ്രഹ്മപ്രതിരൂപങ്ങളെന്നു വാച്യങ്ങളായി.

അജ്ജുന ഉവാച:

54. ജ്ഞാത്വാ സവ്വഗതം ബ്രഹ്മ
സവ്വഭൂതാധിവാസിതം
ഇന്ദ്രിയാണാം നിരോധേന
കഥം സിദ്ധ്യന്തി യോഗിനഃ?

സാരം:—അജ്ജുനൻ ചോദിച്ചു: അഖണ്ഡമായ കേവല ബ്രഹ്മം സവ്വചരാചരങ്ങളുടേയും ബാഹ്യാഭ്യന്തരങ്ങളിൽ മുഴുവൻ തിങ്ങിനിറഞ്ഞതാണെന്നറിഞ്ഞിട്ടും എല്ലാററിനേയും അറിയുന്നതിന്നു മുഖ്യോപകരണങ്ങളായ ഇന്ദ്രിയങ്ങളുടെ നിരോധംവഴി സുഗതമായിരിക്കുന്ന ബ്രഹ്മത്തെ എങ്ങിനെ യോഗികൾ അറിയുന്നു?

ശ്രീഭഗവാനുവാച:

55. ഇന്ദ്രിയാണാം നിരോധേന
ദേഹേ പശ്യന്തി മാനവാഃ
ദേഹേ നഷ്ടേ കുതോ ബുദ്ധി-
ബ്ബുദ്ധിനാശേ കുതോ ജ്ഞതാ.

സാരം:—ശ്രീഭഗവാൻ അരുളിച്ചെയ്തു: ഇന്ദ്രിയങ്ങളുടെ നിരോധം വഴിക്കു മനുഷ്യർ ദേഹത്തിൽ സാക്ഷാൽകരിക്കുന്നു. ദേഹാഭാവത്തിൽ ബുദ്ധിതന്നെ ഉണ്ടാവാൻ കാരണമില്ലല്ലോ. ബുദ്ധിയില്ലെങ്കിൽ പിന്നെ ബുദ്ധിധമ്മമായ അറിവും സംഭവിക്കാൻ നിവൃത്തിയില്ലല്ലോ.

56. താവദേവ നിരോധഃ സ്യാൽ
യാവൽ തത്വം ന വിന്ദതി
വിദിതേ തു പരേ തത്വേ
ഏകമേവാനുപശ്യതി.

സാരം:—ഏതുവരെ തത്വത്തെ പ്രാപിക്കുന്നില്ലയോ അതുവരെയാണ് ഇന്ദ്രിയനിരോധവും മററും ചെയ്യേണ്ടതായിട്ടുള്ളതു്. പരതത്വത്തെ വേണ്ടുംവണ്ണം അറിഞ്ഞുകഴിഞ്ഞാൽപ്പിന്നെ എല്ലാം ഒന്നായിട്ടുമാത്രമേ കാണുകയുള്ളൂ. അപ്പോൾ ഇന്ദ്രിയനിരോധമോ അഭ്യാസമോ ഒന്നുംതന്നെ ആവശ്യമായി വരികയില്ല.

57. നവച്ഛിദ്രകൃതാ ദേഹാഃ
സ്രവന്തി ഗളികാഃ ഇവ
നൈവ ബ്രഹ്മ ന ശുദ്ധം സ്യാൽ
പുമാൻ ബ്രഹ്മ ന വിന്ദതി.

സാരം:— ഒമ്പതു ദ്വാരങ്ങളോടുകൂടിയ ഈ ശരീരത്തിൽ ഒതുങ്ങിനില്ക്കുന്ന ജ്ഞാനം ഓരോ ഇന്ദ്രിയദ്വാരത്തിൽക്കൂടെയും എപ്പോഴും ചോൎന്നുപോയ്ക്കൊണ്ടിരിക്കുന്നു. അതിനാൽ എല്ലാ സമയത്തും ചോൎന്നുപോകുന്ന ജ്ഞാനത്തെ ഇന്ദ്രിയനിരോധംവഴി കെട്ടിനിൎത്തിയാലല്ലാതെ നിലവിലുള്ള ജ്ഞാനം ശുദ്ധമോ ബ്രഹ്മസ്വരൂപമോ ആവുന്നില്ല. അങ്ങിനെ ആവാതിരിക്കുന്നേടത്തോളംകാലം ബ്രഹ്മാനന്ദാനുഭൂതി കൈവരുന്നതല്ലെന്നും തീൎച്ചതന്നെ.

58. അത്യന്തമലിനോ ദേഹോ
ദേഹീ ചാത്യന്തനിൎമ്മലഃ
ഉഭയോരന്തരം ജ്ഞാത്വാ
കസ്യ ശൌചം വിധീയതേ.

സാരം:— ശരീരം ഏററവും മലിനവും ജീവൻ ഏററവും ശുദ്ധവുമാണ്. എന്നാൽ പിന്നെ ഏതിനാണ് ശുദ്ധീകരണം കല്പിക്കേണ്ടതെന്നറിയുന്നില്ല അതിനാൽ ശരീരാഭിമാനത്തോടുകൂടിയ ജീവനാണ് ശുദ്ധീകരണം ആവശ്യമായിരിക്കുന്നതു്. ജീവൻെറ ശരീരാഭിമാനമാണ് അശുദ്ധിയെന്നു താല്പൎയ്യം.

# രണ്ടാം അധ്യായം

അര്ജ്ജുന ഉവാച:

1. ജ്ഞാത്വാ സര്വ്വഗതം ബ്രഹ്മ
സര്വ്വജ്ഞം പരമേശ്വരം
അഹം ബ്രഹ്മേതി നിര്ദ്ദേഷ്ടും
പ്രമാണം തത്ര കിം ഭവേല്.

സാരം:—അര്ജ്ജുനന് ചോദിച്ചു: സര്വ്വജ്ഞനും, പരമേശ്വരനും, സര്വ്വവ്യാപ്തവുമായ പരബ്രഹ്മത്തെ അറിഞ്ഞാലും, ഞാന് ബ്രഹ്മമാണെന്നു നിര്ദ്ദേശിക്കാന് ഏതൊരു പ്രമാണത്തെയാണ് സ്വീകരിക്കേണ്ടതു്?

ശ്രീഭഗവാനുവാച:

2. യഥാ ജലം ജലേ ക്ഷിപ്തം
ക്ഷീരേ ക്ഷീരം ഘൃതേ ഘൃതം
അവിശേഷോ ഭവേല് തദ്വല്
ജീവാത്മപരമാത്മനോഃ.

സാരം:—ഭഗവാന് അരുളിച്ചെയ്തു: വെള്ളം വെള്ളത്തിലും, പാല് പാലിലും, നെയ്യു നെയ്യിലും ചേര്ത്താല് എപ്രകാരം ഭേദമില്ലാതായിത്തീരുന്നുവോ, അതുപോലെ ബ്രഹ്മത്തെ അറിയുമ്പോഠം ജീവാത്മപരമാത്മാക്കഠംക്കു് അഭേദം അനുഭവമാകും. അതിന്നു പ്രമാണം ആവശ്യമില്ല.

3. ജീവേ പരേണ താദാത്മ്യം
സര്വ്വഗം ജ്യോതിരീശ്വരം
പ്രമാണലക്ഷണൈര്ജ്ഞേയം
സ്വയമേകാഗ്രവേദിനാ.

സാരം:— അധികാരിയും അനുഭവസിദ്ധനുമായ ഗുരുവിനാൽ 'തത്വമസി' തുടങ്ങിയ പ്രമാണലക്ഷണങ്ങൾവഴിക്ക ജീവാത്മാവിന്നു പരമാത്മാവുമായി താദാത്മ്യം വാഗ്രൂപേണ ഉപദിഷ്ടമായതിനുശേഷം ചിന്തനാനുഷ്ഠാനങ്ങൾ വഴിക്ക സർവ്വവ്യാപ്തവും, ജ്യോതിസ്സ്വരൂപവുമായ പരമേശ്വരൻ സ്വയം സാധകനാൽ അറിയപ്പെടാവുന്നതാകുന്നു.

അർജ്ജുന ഉവാച:

4. ജ്ഞാനേനൈവ ഭവേൽ ജ്ഞേയം
വിദിത്വാ തൽക്ഷണേന തു
ജ്ഞാനമാത്രേണ മുച്യേത
കിം പുനര്യോഗധാരണാ.

സാരം:— അർജ്ജുനൻ ചോദിച്ചു: ജ്ഞാനംകൊണ്ടുതന്നെ ബ്രഹ്മാനുഭൂതി സിദ്ധമാവുമെങ്കിൽ പിന്നെ യോഗാദി അനുഷ്ഠാനങ്ങളുടെ ആവശ്യമെന്തു്?

ശ്രീഭഗവാനുവാച:

5. ജ്ഞാനേന ദീപിതോ ദേഹേ
ബുദ്ധിർബ്രഹ്മസമന്വിതാ
ബ്രഹ്മജ്ഞാനാഗ്നിനാ വിദ്വാൻ
നിർദ്ദഹേൽ കർമ്മബന്ധനം.

സാരം:— ഭഗവാൻ അരുളിച്ചെയ്തു: ആത്മജ്ഞാനംകൊണ്ടു ജീവോപാധിയായ സൂക്ഷ്മശരീരം നിർമ്മലമാവുകയും ബുദ്ധി ബ്രഹ്മതത്വത്തെ പ്രാപിക്കുകയും ചെയ്തുകഴിഞ്ഞാൽ ബ്രഹ്മജ്ഞാനമാകുന്ന അഗ്നികൊണ്ടു വിദ്വാൻ തൻെറ സർവ്വകർമ്മബന്ധത്തേയും ദഹിപ്പിക്കുന്നു.

6. തതഃ പവിത്രം പരമേശ്വരാഖ്യ-
മദ്വൈതരൂപം വിമലാംബരാഭം
യഥോദകേ തോയമനുപ്രവിഷ്ടം
തഥാത്മരൂപോ നിരുപാധിസംസ്ഥിതഃ.

1606 38090

സാരം:—അനന്തരം (എല്ലാ കർമ്മബന്ധങ്ങളും ദഹിച്ചുകഴിഞ്ഞാൽ) പരിശുദ്ധവും, പരമേശ്വരനെന്ന പേരുള്ളതും ഏകവും, അഖണ്ഡവുമായ ബ്രഹ്മാനുഭൂതി നിർമ്മലമായ ആകാശംപോലെ മററൊന്നിൻെറയും സമ്പർക്കമില്ലാതെ ജലത്തിൽ ചേൎന്ന ജലംപോലെ എല്ലാം ഉപാധികളും നീങ്ങി തടസ്ഥമില്ലാതെ പ്രകാശിക്കുന്നു.

7. ആകാശവൽ സൂക്ഷ്മശരീര ആത്മാ
ന ദൃശ്യതേ വായുവദന്തരാത്മാ
ന ബാഹ്യമഭ്യന്തരനിശ്ചലാത്മാ
ജ്ഞാനോൽക്കയാ പശ്യതി ചാന്തരാത്മാ.

സാരം:—അന്തരാത്മാവു് ആകാശംപോലെയും, വായുപോലെയും അതിസൂക്ഷ്മവും ഇന്ദ്രിയങ്ങൾക്കു് അറിയാൻ കഴിയാത്തതുമാകുന്നു. എന്നാൽ വേദാന്തജ്ഞാനംകൊണ്ടു് അന്തർമ്മുഖവൃത്തി സിദ്ധിച്ചവർക്കു് അതു വഴിക്കു തന്നിൽത്തന്നെ അപരോക്ഷമാകുംവണ്ണം അനുഭവിക്കാൻ കഴിയുന്നതുമാകുന്നു.

8. യത്ര യത്ര മൃതോ ജ്ഞാനീ
യേന വാ കേന മൃത്യുനാ
യഥാ സർവ്വഗതം വ്യോമ
തത്ര തത്ര ലയം ഗതം.

സാരം:—മുൻപറഞ്ഞ പ്രകാരം അന്തർമ്മുഖവൃത്തികൊണ്ടു് ആത്മാനുഭൂതി സിദ്ധിച്ച ജ്ഞാനി എപ്പോൾ എവിടെവെച്ചു് ഏതു രൂപത്തിൽ ശരീരത്യാഗം ചെയ്താലും (മരിച്ചാലും) മോക്ഷത്തിന്നു് അധികാരിയാവുന്നു. അല്പാകാശങ്ങൾ എവിടെവെച്ചു ലയിച്ചാലും മഹാകാശത്തിൽ ചേരുന്നുവല്ലോ.

9. ശരീരവ്യാപിനം വ്യോമ
ഭുവനാനി ചതുർദ്ദശ
നിശ്ചലോ നിർമ്മലോ ദേഹീ
സർവ്വവ്യാപീ നിരഞ്ജനഃ.

സാരം:— ശരീരാന്തൎഗ്ഗതമായിരിക്കുന്ന അല്പാകാശം എപ്രകാരം പതിനാലു ലോകങ്ങളിലും നിറഞ്ഞ മഹാകാശത്തിൽനിന്നു വേറെയല്ലാതെ നില്ക്കുന്നുവോ, അതുപോലെ നിശ്ചലനും, നിൎമ്മലനും സ്വയംപ്രകാശവുമായ അന്തരാത്മാവും ശരീരാന്തൎഗ്ഗതമായി തോന്നുന്നുണ്ടെങ്കിലും എങ്ങും നിറഞ്ഞ അഖണ്ഡബ്രഹ്മത്തിൽനിന്നു വേറെയല്ല.

10. മുഹൂൎത്തമപി യോഗശ്ചേൽ
നാസാഗ്രേ മനസാ സഹ
സൎവ്വം തരതി പാപ്മാനം
തസ്യ ജന്മശതാൎജ്ജിതം.

സാരം:— നാസികാന്തമായ ഭ്രൂമദ്ധ്യത്തിൽ ഒരു മുഹൂൎത്തസമയമെങ്കിലും മനസ്സു നിശ്ചലമായി ആത്മസംയോഗംചെയ്യുന്നു എങ്കിൽ അവന്റെ അനവധി ജന്മങ്ങളിൽ ചെയ്ത സകലപാപങ്ങളും ആ പ്രവൃത്തികൊണ്ടുതന്നെ നശിക്കുന്നു.

11. ദക്ഷിണേ പിംഗളാ നാഡീ
വഹ്നിമണ്ഡലഗോചരാ
ദേവയാനമിതി ജ്ഞേയാ
പുണ്യകൎമ്മാനുസാരിണീ.

സാരം:— 'ക്രമമുക്തി'യെന്നും 'സദ്യോമുക്തി'യെന്നും രണ്ടു തരത്തിൽ മോക്ഷത്തെ തരംതിരിക്കപ്പെട്ടിരിക്കുന്നു. 'യത്ര യത്ര' എന്നാദിയായ എട്ടാംശ്ലോകംകൊണ്ടു സദ്യോമുക്തിയെ പറഞ്ഞുകഴിഞ്ഞു. ഈ ശ്ലോകം മുതൽ ക്രമമുക്തിയെ പറയുന്നു. മൂലാധാരത്തിൽനിന്നു പുറപ്പെട്ട് സഹസ്രാരപത്മംവരെ വലത്തുഭാഗത്തൂടെ നീണ്ടുനില്ക്കുന്നതും അഗ്നിമണ്ഡലത്തെ വ്യാപിച്ചതും പുണ്യംചെയ്ത ജീവനുമാത്രം പ്രവേശമുള്ളതുമായ 'പിംഗള' എന്ന നാഡി ദേവയാനമെന്നു പറയപ്പെടുന്നു.

12. ഇഡാ ച വാമനിശ്വാസ-
സോമമണ്ഡലഗോചരാ
പിതൃയാനമിതി ജ്ഞേയാ
വാമമാശ്രിത്യ തിഷ്ഠതി.

സാരം:— മൂലാധാരത്തിൽനിന്നു പുറപ്പെട്ട് ഇടത്തുഭാഗത്തുകൂടെ സഹസ്രാരപത്മംവരെ നീണ്ടുനില്ക്കുന്നതും വ്യോമമണ്ഡലത്തെ വ്യാപിച്ചതും ആയ 'ഇഡ' എന്ന നാഡി പിതൃയാനമെന്നു പറയപ്പെടുന്നു. മുൻപറഞ്ഞ പിംഗളാനാഡിക്ക് അഗ്നിമാർഗ്ഗമെന്നും ഇഡാനാഡിക്കു ധൂമമാർഗ്ഗമെന്നും ഉള്ള പേരുകൾ പ്രസിദ്ധവുമാണ്.

13. ഗുദസ്യ പൃഷ്ഠഭാഗേസ്മിൻ
വീണാദണ്ഡസ്യ ദേഹഭൃൽ
ദീർഘാസ്ഥിമൂർദ്ധനിപര്യന്തം
ബ്രഹ്മദണ്ഡീതി കഥ്യതേ.

സാരം:— മുൻപറഞ്ഞ ഇഡാ-പിംഗളാനാഡികളുടെ മദ്ധ്യത്തിൽ ഗുദത്തിന്റെ പിൻഭാഗത്തുനിന്നു പുറപ്പെട്ട ശിരസ്സുവരെ ശരീരത്തിന്റെ മദ്ധ്യത്തിൽക്കൂടെ കമ്പിയില്ലാത്ത വീണയുടെ ആകൃതിയിൽ നീണ്ടുനില്ക്കുന്ന കട്ടപ്പമേറിയ ഒരസ്ഥിയുണ്ട്. അതിനെ ബ്രഹ്മദണ്ഡമെന്നു പറഞ്ഞുവരുന്നു.

14. തസ്യാന്തേ സുഷിരം സൂക്ഷ്മം
ബ്രഹ്മനാഡീതി സൂരിഭിഃ.

സാരം:—മുൻപറഞ്ഞ ബ്രഹ്മദണ്ഡത്തിന്റെ മുകളിലെ അററത്ത് ഒരു ചെറിയ ദ്വാരമുണ്ടെന്നും അതിന്നു ബ്രഹ്മരന്ധ്രമെന്നും അതിൽ അതിസൂക്ഷ്മയായ ഒരു നാഡിയുണ്ടെന്നും അതിന്നു ബ്രഹ്മനാഡിയെന്നും (സുഷുമ്ന) വിദ്വാന്മാർ പറഞ്ഞുവരുന്നു. ഈ നാഡിയാണ് ആത്മബ്രഹ്മൈക്യത്തെ പ്രതിപാദിക്കുന്നതെന്നും പറഞ്ഞുവരുന്നു.

15. ഇഡാപിംഗളയോൎമ്മദ്ധ്യേ
സുഷുമ്നാ സൂക്ഷ്മരൂപിണീ
തസ്യാഗ്രേ സൎവ്വഗം സൎവ്വം
യസ്മിൻ സൎവ്വം പ്രതിഷ്ഠിതം.

സാരം:—ഇഡാ-പിഗളാനാഡികളുടെ മദ്ധ്യത്തിലുള്ള ബ്രഹ്മദണ്ഡാന്തൎഗ്ഗതമായ പ്രസ്തുതസുഷുമ്നാനാഡിയിൽ ഈ ബ്രഹ്മാണ്ഡം മുഴുവൻ പ്രതിഷ്ഠിതമായിരിക്കുന്നു.

16. തസ്യാഃ മദ്ധ്യഗതാഃ സൂൎയ്യ-
സോമാഗ്നിപരമേശ്വരാഃ
ഭൂതലോകാഃ ദിശഃ ക്ഷേത്രം
സമുദ്രാഃ പൎവ്വതാഃ ശിലാഃ

17. ദ്വീപാശ്ച നിമ്നഗാ വേദാഃ
ശാസ്ത്രവിദ്യാകലാക്ഷരാഃ
സ്വരമന്ത്രപുരാണാനി
ഗുണാശ്ചൈതേ ച സൎവ്വശഃ

18. ബീജം ബീജാത്മകാസ്തേഷാം
ക്ഷേത്രജ്ഞഃ പ്രാണവായവഃ
സുഷുമ്നാന്തൎഗ്ഗതം വിശ്വം
തസ്മിൻ സൎവ്വം പ്രതിഷ്ഠിതം.

സാരം:—സൂൎയ്യൻ, ചന്ദ്രൻ, അഗ്നി, പരമേശ്വരൻ, പഞ്ചമഹാഭൂതങ്ങൾ, ഭൌതികങ്ങളായ ലോകങ്ങൾ, ദിക്കുകൾ, കാശിതുടങ്ങിയ പുണ്യക്ഷേത്രങ്ങൾ, സമുദ്രങ്ങൾ, പൎവ്വതങ്ങൾ, ശിലകൾ, ദ്വീപങ്ങൾ, നദികൾ, വേദങ്ങൾ, ശാസ്ത്രങ്ങൾ, വിദ്യകൾ, കലകൾ, അക്ഷരങ്ങൾ, മന്ത്രങ്ങൾ, സ്വരങ്ങൾ, പുരാണങ്ങൾ, ഗുണങ്ങൾ, പ്രധാനം, മഹത്സ്ഥ

ത്വം മുതലായവ, ജീവൻ, പ്രാണാദിവായുക്കൾ എന്നുവേണ്ട ജഗത്തു മുഴുവൻ സുഷുമ്നാനാഡിയിൽ പ്രതിഷ്ഠിതമായിരിക്കുന്നു.

19. നാനാനാഡീപ്രസവഗം
സർവ്വഭൂതാന്തരാത്മനി
ഊർദ്ധ്വമൂലമധഃശാഖം
വായുമാർഗ്ഗേണ സർവ്വഗം.

സാരം:—സർവ്വശരീരികളുടേയും അന്തർഭാഗത്തുള്ള മുൻപറഞ്ഞ സുഷുമ്നാനാഡി ശരീരത്തിലുള്ള മററെല്ലാം നാഡികളുടേയും ഉല്പത്തിസ്ഥാനമായി, മുകളിൽനിന്നാരംഭിച്ചു കീഴ്പോട്ടു പ്രവഹിച്ചു വായുവിൻെറ ചലനവ്യാപാരമാർഗ്ഗേണ എങ്ങും നിറഞ്ഞു സ്ഥിതി ചെയ്യുന്നു.

20. ദ്വിസപ്തതിസഹസ്രാണി
നാഡ്യഃ സ്യുർവ്വായുഗോചരാഃ
കർമ്മമാർഗ്ഗേണ സുഷിരാഃ
തിര്യ്യഞ്ചഃ സുഷിരാത്മകാഃ

21. അധശ്ചോർദ്ധ്വഗതാസ്തസ്യ
നവദ്വാരാണി രോധയൻ
വായുനാ സഹ ജീവോർദ്ധ്വം
ജ്ഞാനീ മോക്ഷമവാപ്നുയാൽ.

സാരം:—മനുഷ്യശരീരത്തിൽ മേല്പോട്ടുള്ളവയും, കീഴ്പോട്ടുള്ളവയും, വിലങ്ങനെ ഉള്ളവയുംകൂടി ആകെ നാഡികൾ എഴുപത്തിരണ്ടായിരമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവയിലെല്ലാം വായു സഞ്ചരിക്കുന്നുമുണ്ട്. എന്നാൽ ഇവയെല്ലാംതന്നെ കർമ്മമാർഗ്ഗമാകുന്ന പ്രപഞ്ചവാസനകൾ നിറഞ്ഞതാണ്. അതിനാൽ അവയിൽ ജീവൻ സഞ്ചരിക്കുമ്പോഴും, അവയിൽക്കൂടെ പുറത്തു പോകുമ്പോഴും (മരിക്കുമ്പോഴും)പ്രപഞ്ചവാസന വിട്ടുന്നില്ല. മോക്ഷത്തിന്നോ, ജ്ഞാനത്തിന്നോ അധികാ

രിയാവുന്നുമില്ല. പ്രാണായാമംവഴിക്ക വായുവിൻെറ സഹായത്താൽ ജീവൻ മററെല്ലാ നാഡികളേയും വിട്ടു സുഷുമ്നയിൽ പ്രവേശിച്ചു ക്രമേണ മേല്പോട്ടു വന്നു നവദ്വാരങ്ങളേയും അതിക്രമിച്ചു ശിരസ്സിനെ ഭേദിച്ചു പുറത്തു പോവുന്നുവെന്നു വന്നാൽ എല്ലാ കൎമ്മവാസനകളും വിട്ടു ബ്രഹ്മപദത്തിൽ എത്തുന്നു. ഇതിനെ ക്രമമുക്തിയെന്നു പറയുന്നു.

22. അമരാവതീന്ദ്രലോകോസ്മിൻ
നാസാഗ്രേ പൂൎവ്വതോ ദിശി
അഗ്നിലോകോ ഹ്യധഃ ജ്ഞേയ-
ശ്ചക്ഷുസ്തേജോവതീ പുരീ.

സാരം:—ഈ നാഡികളിൽ വലത്തേ മൂക്കിൻെറ ദ്വാരസ്ഥാനത്തുള്ള ഭാഗത്തിന്നു് 'അമരാവതി'യെന്നു പ്രസിദ്ധമായ ഇന്ദ്രലോകമെന്നും വലത്തെ കണ്ണിൻെറ കീഴ്ഭാഗത്തിന്നു തേജോവതിയെന്നു പ്രസിദ്ധമായ അഗ്നിലോകമെന്നും പറഞ്ഞുവരുന്നു.

23. യാമ്യാ സംയമിനീ ശ്രോത്രേ
യമലോകഃ പ്രതിഷ്ഠിതഃ
നൈരൃതോ ഹ്യധ തൽപാൎശ്വേ
നൈരൃതോ ലോക ആശ്രിതഃ.

സാരം:—വലത്തെ ചെവിയുടെ ദ്വാരപ്രദേശം സംയമിനി എന്നു പ്രസിദ്ധമായ യമലോകവും, അതിന്നു കീഴ്ഭാഗം 'നൈരൃതം' എന്നു പ്രസിദ്ധമായ നിരൃതിലോകവുമാകുന്നു.

24. വിഭാവരീ പ്രതീച്യാം തൽ-
പൃഷ്ഠേ വാരുണികാ പുരീ
വായോൎഗ്ഗന്ധവതീ കൎണ്ണ-
പാൎശ്വേ ലോകഃ പ്രതിഷ്ഠിതഃ.

സാരം:—ഇടത്തേ ചെവിയുടെ ദ്വാരപ്രദേശം വിഭാവരിയെന്ന പ്രസിദ്ധമായ വരുണലോകവും, അതിൻെറ പാശ്ചപ്രദേശം ഗന്ധവതീയെന്ന പ്രസിദ്ധമായ വായുലോകവുമാകുന്നു.

25. സൌമ്യാ പുഷ്പവതി സൌമ്യേ
സോമലോകസ്തു കണ്ഠതഃ
വാമകർണ്ണം തു വിജ്ഞേയോ
ദേഹമാശ്രിത്യ തിഷ്ഠതി.

സാരം:—കഴുത്തിൻെറ മുകൾഭാഗം ഇടത്തോട്ട് ഇടത്തെ ചെവി വരെയുള്ള ഭാഗം പുഷ്പവതിയെന്ന പ്രസിദ്ധമായ സോമലോകമാകുന്നു.

26. വാമേ ചക്ഷുഷി ചൈശാനീ
ശിവലോകോ മനോന്മനീ
മൂർദ്ധ്നി ബ്രഹ്മപുരീ ജ്ഞേയാ
ബ്രഹ്മാണ്ഡം ദേഹമാശ്രിതം.

സാരം:—ഇടത്തേ കണ്ണിൻെറ അന്തർഭാഗം മനോന്മനിയെന്ന പ്രസിദ്ധമായ ശിവലോകവും, ശിരസ്സു ബ്രഹ്മലോകവുമാകുന്നു. ഇങ്ങനെ ബ്രഹ്മാണ്ഡം മുഴുവൻ ദേഹത്തിൽ ഒതുങ്ങിയിരിക്കുന്നു.

27. പാദാദധഃ ശിവോഽനന്തഃ
കാലാഗ്നിഃ പ്രളയാത്മകഃ
അനാമയമധശ്ചോർദ്ധ്വം
മദ്ധ്യമം തു ബഹിഃ ശിവം.

സാരം:—കാലിന്നു കീഴ്ഭാഗം (ഉള്ളംകാൽ) പ്രളയകാലത്തെ അഗ്നിസ്വരൂപമായ ആദിശേഷനും, ബാക്കി എല്ലാ ഭാഗത്തും മംഗളസ്വരൂപമായ ബ്രഹ്മവുമാകുന്നു.

28. അധഃപാദോഽതലം വിദ്യാൽ
പാദം ച വിതലം വിദുഃ
നിതലം പാദസന്ധിം ച
സുതലം ജംഘമുച്യതേ.

29. മഹാതലം ച ജാനുഃ സ്യാ-
ദ്ദൂരുദേശേ രസാതലം
കടിസ്ഥലാതലം പ്രോക്തം
സപ്തപാതാളസംജ്ഞയാ.

സാരം:—ഉള്ളംകാലടി അതലമെന്നും, പുറംകാലടി വിതലമെന്നും, കാലടിയുടെ സന്ധിപ്രദേശത്തെ നിതലമെന്നും, കാൽവണ്ണകളെ സുതലമെന്നും, കാൽമൊട്ടിനെ മഹാതലമെന്നും, കാൽതുടയെ രസാതലമെന്നും, അരക്കെട്ടിനെ തലാതലമെന്നും പറയുന്നു. ഏഴു പാതാളങ്ങളുടെ (അധോലോകങ്ങളുടെ) സംജ്ഞ ഇങ്ങനെയാകുന്നു.

30. കാലാഗ്നിനരകം ഘോരം
മഹാപാതാളസംജ്ഞയാ
പാതാളം നാഭ്യധോഭാഗഃ
ഭോഗീന്ദ്രഫണിമണ്ഡലം.
വേഷ്ടിതഃ സർവ്വതോനന്തഃ
സ ബിഭ്രൽ ജീവസംജ്ഞകഃ.

സാരം:—നാഭിയുടെ കീഴ് ഭാഗം മഹാപാതാളമെന്നു പ്രസിദ്ധവും കാലാഗ്നിനരകവുമായ പാതാളമാകുന്നു. ജീവനാകട്ടെ കുണ്ഡലാകൃതിയിൽ എല്ലാം മണ്ഡലങ്ങളേയും ചുററി വ്യാപിച്ചുമിരിക്കുന്നു.

31. ഭൂലോകം നാഭിദേശം തു
ഭുവർല്ലോകം തു കുക്ഷിതഃ
ഹൃദയം സ്വർഗ്ഗലോകം തു
സൂര്യ്യാദിഗ്രഹതാരകാഃ.

സാരം:—നാഭിദേശത്തെ ഭൂലോകമെന്നും, ഹൃദയസ്ഥാനത്തെ സ്വ ൎഗ്ഗലോകമെന്നും പറയുന്നു. സൂൎയ്യാദിനവഗ്രഹങ്ങളും നക്ഷത്രങ്ങളും അവിടെത്തന്നെ ആകുന്നു.

32. സൂൎയ്യസോമസുനക്ഷത്രം
ബുധശ്ശുക്രകുജാംഗിരാഃ
മന്ദശ്ച സപ്തമോ ജ്ഞേയോ
ധ്രുവോന്തഃ സ്വൎഗ്ഗലോകതഃ

സാരം:—സൂൎയ്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി തുടങ്ങിയ ഗ്രഹങ്ങൾ ഇവയെല്ലാം മുൻപറഞ്ഞ സ്വൎഗ്ഗലോകത്തിൽത്തന്നെയാകുന്നു. സ്വൎഗ്ഗലോകത്തിൻെറ മുകളിലെ അറ്റത്തി ധ്രുവലോകവുമാകുന്നു.

33. ഹൃദയേ കല്പയൻ യോഗീ
തസ്മിൻ സൎവ്വസുഖം ഭവേൽ.

സാരം:—ഇങ്ങിനെ മുൻപറയപ്പെട്ട എല്ലാം ലോകങ്ങളേയും ഹൃദയത്തിൽ കല്പിച്ച് ഏതേതു ലോകത്തെ സുഖം വേണമെങ്കിലും യോഗിക്ക് അനുഭവിക്കാൻ കഴിയുന്നു.

34. ഹൃദയസ്ഥം മഹൎല്ലോകം
ജനലോകം തു കണ്ഠതഃ
തപോലോകം ഭ്രുവോൎമ്മദ്ധ്യേ
മൂൎദ്ധ്നി സത്യം പ്രതിഷ്ഠിതം.

സാരം:—അങ്ങിനെ ഹൃദയം മഹൎല്ലോകവും, ഹൃദയം മുതൽ കണ്ഠം വരെയുള്ള ഭാഗം ജനലോകവും, ഭ്രൂമദ്ധ്യം തപോലോകവും, ശിരസ്സു സത്യലോകവുമാകുന്നു.

35. ബ്രഹ്മാണ്ഡരൂപിണീ പൃഥ്വീ
തോയമദ്ധ്യേ വിലീയതേ
അഗ്നിനാ പച്യതേ തോയം
വായുനാ ഗ്രസ്യതേനലഃ

36. ആകാശം തു പിബേൽ വായും
മനശ്ചാകാശമേവ ച
ബുദ്ധ്യഹംകാരചിത്തം ച
ക്ഷേത്രജ്ഞഃ പരമാത്മനി.

സാരം:—ബ്രഹ്മാണ്ഡസ്വരൂപിണിയായി ഭൂമി ജലത്തിലും, ജലം അഗ്നിയിലും, അഗ്നി വായുവിലും, വായു ആകാശത്തിലും, ആകാശം മനസ്സിലും, മനസ്സു ബുദ്ധിയിലും, ബുദ്ധി അഹങ്കാരത്തിലും, അഹങ്കാരം ചിത്തത്തിലും, ചിത്തം ക്ഷേത്രജ്ഞനിലും, ക്ഷേത്രജ്ഞൻ പരമാത്മാവിലും ലയിക്കുന്നു.

37. അഹം ബ്രഹ്മേതി മാം ധ്യായേ-
ദേകാഗ്രമനസാ സകൃൽ
സർവ്വം തരതി പാപ്മാനം
കല്പകോടിശതൈഃ കൃതം.

സാരം:—എല്ലാം സമയത്തും 'ഞാൻ ബ്രഹ്മമാകുന്നു' എന്നിങ്ങിനെ എന്നെത്തന്നെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുന്നവൻ ജന്മജന്മാന്തരങ്ങളിൽ ചെയ്ത പാപങ്ങളിൽനിന്നുകൂടി രക്ഷപ്പെടുന്നു.

38. ഘടസംവൃതമാകാശം
നീയമാനേ ഘടേ യഥാ
ഘടേ നശ്യതി നാകാശം
തദ്വൽ ജീവ ഇഹാത്മനി.

സാരം:-ഘടത്തിനുള്ളിലുള്ള ആകാശം ഘടത്തെ സ്ഥലമാററം ചെയ്യുമ്പോൾ എപ്രകാരം മഹാകാശത്തിൽ ലയിക്കുന്നുവോ അതുപോലെ ജീവൻ പരമാത്മാവിൽ ലയിക്കുന്നു.

39. ഘടാകാശമിവാത്മാനം
വിലയം വേത്തി തത്വതഃ
സ ഗച്ഛതി നിരാലംബം
ജ്ഞാനാലോക്യം ന സംശയഃ.

സാരം:—ഘടാകാശം മഹാകാശത്തിലെന്നപോലെ ജീവാത്മാവു പരമാത്മാവിൽ ലയിക്കുന്നു എന്ന സത്യത്തെ വേണ്ടുംവണ്ണം അറിയുന്ന ജ്ഞാനി നിരാലംബമായ ബ്രഹ്മത്തെ പ്രാപിക്കുന്നു എന്നു തീച്ചതന്നെ.

40. തപേൽ വഷ സഹസ്രാണി
മൈകപാദസ്ഥിതോ നരഃ
ഏകസ്യ ജ്ഞാനയോഗസ്യ
കലാം നാഹതി ഷോഡശീം.

41. ആലോഡ്യ ചതുരോ വേദാൻ
ധമ്മശാസ്ത്രാണി സവ്വദാ
യോ വൈ ബ്രഹ്മ ന ജാനാതി
ദ്വീ പാകരസം യഥാ.

സാരം:—ആയിരം കൊല്ലങ്ങൾ ഒററക്കാലിൽ നിന്നു തപസ്സു ചെയ്താലും ജ്ഞാനയോഗത്തിൻെറ പതിനാറു കലകളിൽ ഒന്നിനുപോലും ആ മനുഷ്യൻ അധികാരിയായിത്തീരുന്നില്ല. നാലു വേദങ്ങളേയും, ധമ്മശാസ്ത്രങ്ങളേയും മററും പഠിച്ചിട്ടും ചിന്തിച്ചിട്ടും ആരാണോ ബ്രഹ്മത്തെ വേണ്ടപോലെ അറിയാത്തതു്, അയാൾ രസം അറിയാത്ത ചട്ടകംപോലെയാകുന്നു.

 38090 

42. യഥാ ഖരശ്ചന്ദനഭാരവാഹോ
ഭാരസ്യ വാഹോ ന തു ചന്ദനസ്യ
ഏവം ഹി ശാസ്ത്രാണി ബഹൂന്യധീത്യ
സാരം ന ജാനൻ ഖരവൽ വഹേൽ സഃ.

സാരം:—ചന്ദനച്ചുമടു വഹിക്കുന്ന കഴുത ചന്ദനത്തിന്റെ സുഗന്ധത്തെ അറിയാത്തതുപോലെയാണ് ശാസ്ത്രങ്ങൾ പഠിച്ച വിദ്വാൻ ബ്രഹ്മത്തെ അറിയാതിരിക്കുന്നതു്.

43. അനന്തകർമ്മശൌചം ച
ജപോ യജ്ഞസ്തഥൈവ ച
തീർത്ഥയാത്രാദിഗമനം
യാവൽ തത്വം ന വിന്ദതി.

സാരം:—തത്വത്തെ അറിയാതിരിക്കുംകാലത്തോളമാണ് അനവധിതരത്തിലുള്ള സൽക്കർമ്മങ്ങളും ശുചീകരണവും ജപവും യജ്ഞവും തീർത്ഥയാത്രയും മററും വേണ്ടിവരുന്നതു്. തത്വം അറിഞ്ഞവനു് ഇവയൊന്നും വേണമെന്നു് ഒരിക്കലും തോന്നുകയില്ല.

44. ഗവാമനേകവർണ്ണാനാം
ക്ഷീരസ്യാപ്യേകവർണ്ണതാ
ക്ഷീരവൽ പശ്യതേ ജ്ഞാനം
ദേഹിനാം ച ഗവാം യഥാ.

സാരം:—പശുക്കൾ നാനാവർണ്ണത്തിലാണെങ്കിലും പാലിന്നു് ഒരേ വർണ്ണം എപ്രകാരം പ്രത്യക്ഷമാകുന്നു അതുപോലെ ഏതു മനുഷ്യനിലും ഏതു രൂപത്തിലും ഏതു ശാസ്ത്രത്തിലും ഉള്ള ജ്ഞാനം ഒരേ പ്രതിപാദ്യമാണു്.

45. അഹം ബ്രഹ്മേതി നിയതേ
മോക്ഷഹേതുർമ്മഹാത്മനാം
ദ്വേ പദേ ബന്ധമോക്ഷായ
ന മമേതി മമേതി ച.

46. മമേതി ബദ്ധ്യതേ ജന്തു-
ർന്ന മമേതി വിമുച്യതേ.

സാരം:—'ഞാൻ ബ്രഹ്മമാകുന്നു' എന്ന ദൃഢബോധം മഹാത്മാക്കൾക്കു മോക്ഷകാരണമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ബന്ധത്തിന്നും മോക്ഷത്തിന്നും 'എൻേറതെന്നും, എൻേറതല്ലെന്നും' ഉള്ള രണ്ടു വാക്കുകൾ മാത്രമാണ് കാരണം. എൻേറതെന്ന ബോധം ബന്ധത്തിന്നും, എൻേറതല്ലെന്ന ബോധം മോക്ഷത്തിന്നും കാരണമാകുന്നു.

47. മനസോ ഹ്യുന്മനീഭാവാൽ
ദ്വൈതം നൈവോപലഭ്യതേ
യദാ യാത്യുന്മനീഭാവം
തദാ തൽ പരമം പദം.

സാരം:—അഹങ്കാരത്തിൻെറ ലേശമെങ്കിലും വികാസമുള്ളപ്പോളാണ് ദ്വൈതഭാവം (പ്രപഞ്ചഭാവം) ഉള്ളത്. അഹങ്കാരം നിശ്ശേഷം ലയിച്ചാൽ ആ അവസ്ഥതന്നെ പരമപദവുമായി.

48. ഹന്യാൽ മുഷ്ടിഭിരാകാശം
ക്ഷുധാർത്തഃ ഖണ്ഡയേൽ തുഷം
നാഹം ബ്രഹ്മേതി ജാനാതി
തസ്യ മുക്തിർന്ന ജായതേ.

സാരം:—മുഷ്ടി ചുരുട്ടി ആകാശത്തെ ഇടിക്കുന്നതും, ഉമി കുത്തുന്നതും എപ്രകാരം നിഷ്പ്രയോജനമാണോ അതുപോലെ ഞാൻ ബ്രഹ്മമാണെന്ന അറിവുവരാതെ മോക്ഷത്തിന്നുള്ള പരിശ്രമവും നിഷ്പ്രയോജനമാകുന്നു.

## മൂന്നാം അദ്ധ്യായം

1. അനന്തശാസ്ത്രം ബഹു വേദിതവ്യം
അല്പശ്ച കാലോ ബഹവശ്ച വിഘ്നാഃ
യൽ സാരഭൂതം തദുപാസിതവ്യം
ഹംസോ യഥാ ക്ഷീരമിവാംബുമിശ്രം.

സാരം:—ശാസ്ത്രങ്ങൾ അനവധിയാണ്. അറിയേണ്ടതും പലതുമുണ്ടാവും. എന്നാൽ ജീവിതകാലം ചുരുങ്ങിയതും അതിൽതന്നെ വിഘ്നങ്ങൾ അസംഖ്യവുമാണ്. അതിനാൽ ഹംസം വെള്ളം കലന്ന പാലിൽനിന്നു പാലിനെ എന്നപോലെ ഏററവും സാരമായതെന്തോ അതു മനസ്സിലാക്കി അതിനെ വേണ്ടപോലെ ആചരിച്ചാൽമാത്രമേ ജീവിതം വേണ്ടപോലെ പ്രയോജനപ്പെടുകയുള്ളു.

2. പുരാണം ഭാരതം വേദഃ
ശാസ്ത്രാണി വിവിധാനി ച
പുത്രദാരാദിസംസാരോ
യോഗാഭ്യാസസ്യ വിഘ്നകൃൽ.

സാരം:—പുരാണങ്ങളും ഭാരതംതുടങ്ങിയ ഇതിഹാസങ്ങളും, വേദങ്ങളും, പലതരത്തിലുള്ള ശാസ്ത്രങ്ങളും, ഭാര്യാപുത്രാദിസംസാരബന്ധങ്ങളുമെല്ലാംതന്നെ യോഗാഭ്യാസത്തിന്നു പ്രതിബന്ധങ്ങളാണ്.

3. ഇദം ജ്ഞാനമിദം ജ്ഞേയം
യൽ സർവ്വം ജ്ഞാതുമിച്ഛതി
അപി വർഷസഹസ്രായുഃ
ശാസ്ത്രാന്തം നാധിഗച്ഛതി.

സാരം:—അറിവും, അറിയപ്പെടേണ്ടതും ഈ ഗ്രന്ഥത്തിൽ പറഞ്ഞ സംഗതികൾ മാത്രമാണ്. ഇതിനെ വേണ്ടപോലെ മനസ്സിലാക്കി അനുഷ്ഠിച്ചാൽ എല്ലാം അറിയാനിടവരും. നൂറു കൊല്ലം ജീവിച്ചു പഠിച്ചാലും മററു ശാസ്ത്രങ്ങൾ അവസാനിക്കുന്നതല്ല.

1606



4. വിജ്ഞേയോക്ഷരതന്മാത്രോ
ജീവിതം ചാപി ചഞ്ചലം
വിഹായ ശാസ്ത്രജാലാനി
യൽ സാരം തദുപാസ്യതാം.

സാരം:—നാശരഹിതനായ ആത്മാവാണ് അറിയപ്പെടേണ്ടതു്. ജീവിതം ഒരിക്കലും ശാശ്വതമല്ല. എപ്പോഴും നശിക്കാവുന്നതാണ്. അതിനാൽ മററു ശാസ്ത്രങ്ങളെ വിട്ടു് ആത്മോപാസനചെയ്യയാണ് വേണ്ടതു്.

5. പൃഥിവ്യാം യാനി ഭൂതാനി
ജിഹ്വോപസ്ഥനിമിത്തകം
ജിഹ്വോപസ്ഥപരിത്യാഗേ
പൃഥിവ്യാ കിം പ്രയോജനം?

സാരം:—ഭൂമിയിൽ എന്തെല്ലാം സുഖഭോഗങ്ങളുണ്ടായാലും അതെല്ലാം ജിഹ്വോപസ്ഥങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനാൽ ജിഹ്വോപസ്ഥങ്ങളെ സേവിക്കാതിരുന്നാൽ പിന്നെ ഈ ഭൂമിയിൽ നമുക്കെടുക്കാനെന്താണുള്ളതു്?

6. തീൎത്ഥാനി തോയപൂൎണ്ണാനി
ദേവാൻ പാഷാണമൃണ്മയാൻ
യോഗിനോ ന പ്രപദ്യന്ത
ആത്മജ്ഞാനപരായണാഃ

സാരം:—ആത്മജ്ഞാനപരായണന്മാരായ യോഗികൾ ജലമയങ്ങളായ തീൎത്ഥങ്ങളേയോ കല്ലും മണ്ണുമാകുന്ന ദേവന്മാരേയോ ഒരിക്കലും ശരണംപ്രാപിക്കയില്ല. അവക്കു് ആത്മാവുമാത്രമാണ് പ്രാപ്യസ്ഥാനം.

7. അഗ്നിൎദ്ദേവോ ദ്വിജാതിനാം
മുനീനാം ഹൃദി ദൈവതം
പ്രതിമാ സ്വല്പബുദ്ധീനാം
സൎവ്വത്ര സമദൎശിനാം.

സാരം:—ബ്രാഹ്മണക്ക് അഗ്നി ഈശ്വരനാണ്. എന്നാൽ തപസ്വികൾക്ക് അവരുടെ ഹൃദയത്തിലാണ് ഈശ്വരൻ. മൂഢന്മാർ വിഗ്രഹങ്ങളെ ഈശ്വരനായിക്കരുതുന്നു. എന്നാൽ ശാന്തന്മാരായ സമദേശികൾ ഈശ്വരനെ എങ്ങും നിറഞ്ഞതായി കാണുന്നു.

8. സർവ്വത്രാവസ്ഥിതം ശാന്തം
ന പ്രപശ്യേൽ ജനാർദ്ദനം
ജ്ഞാനചക്ഷുർവിഹീനത്വാൽ
അന്ധഃ സൂര്യമിവോദിതം.

സാരം:—ഈശ്വരൻ എങ്ങും നിറഞ്ഞു പൂർണ്ണനായി സ്ഥിതിചെയ്യുന്നുവെങ്കിലും കുരുടൻ ആദിത്യനെ കാണാത്തതുപോലെ ജ്ഞാനചക്ഷുസ്സില്ലാത്ത മൂഢൻ ഈശ്വരനെ അറിയുന്നില്ല.

9. യത്ര യത്ര മനോ യാതി
തത്ര തത്ര പരം പദം
തത്ര തത്ര പരം ബ്രഹ്മ
സർവ്വത്ര സമവസ്ഥിതം.

സാരം:—മനസ്സെവിടെവിടെ ഏതേതു രൂപത്തിൽ പ്രതിഫലിക്കുന്നുവോ അവിടവിടെ അതതു രൂപത്തിൽ പ്രതിഫലിക്കുന്നതു് എങ്ങും നിറഞ്ഞ ഈശ്വരനാണ്. അതിനാൽ മനസ്സു ശാന്തമായി ഒരിടത്തു വിശ്രമിച്ചാൽ പ്രതിഫലനങ്ങൾ നീങ്ങി ഈശ്വരത്വം കൈവരികയും ചെയ്യും.

10. ദൃശ്യതേ ദൃശി രൂപാണി
ഗഗനം ഭാതി നിർമ്മലം
അഹമിത്യക്ഷരം ബ്രഹ്മ
പരമം വിഷ്ണുമവ്യയം.

സാരം:—നാശരഹിതവും, മററൊന്നില്ലാത്തതും, വിഷ്ണുശബ്ദവാച്യവുമായ ബ്രഹ്മമാണ്. ഞാനെന്ന ഓർമ്മ ദൃഢപ്പെട്ടുകഴിഞ്ഞ ഒരാൾക്ക് അയാൾ കാണുന്നതൊക്കെയും ബ്രഹ്മമയമായിത്തന്നെ അനുഭവപ്പെടും.

11. ദൃശ്യതേ ചേൽ ഖഗാകാരം
ഖഗാകാരം വിചിന്തയേൽ
സകളം നിഷ്കളം സൂക്ഷ്മം
മോക്ഷദ്വാരേണ നിർഗ്ഗതം.

12. അപവർഗ്ഗസ്യ നിർവ്വാണം
പരമം വിഷ്ണുമവ്യയം
സർവ്വജ്യോതിർന്നിരാകാരം
സർവ്വഭൂതഗുണാന്വിതം.

13. സർവ്വത്ര പരമാത്മാനം
ബ്രഹ്മാത്മാ പരമവ്യയം.

സാരം:—അനന്തമായ ബ്രഹ്മത്തെ ഹംസാത്മകമായി നിരന്തരം ധ്യാനിച്ച് അഭ്യസിക്കുന്നു എങ്കിൽ സകളവും, നിഷ്കളവും, അനന്തരം സൂക്ഷ്മവുമായ മാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ച ജീവൻ ക്രമേണ മോക്ഷസ്വരൂപമായ പരമാത്മാവിൽ അഭേദരൂപേണ ലയിച്ച പരബ്രഹ്മമായിത്തീരുന്നു.

14. അഹം ബ്രഹ്മേതി യൽ സർവ്വം
വിജാനാതി നരഃ സദാ
ഹന്യാൽ സ്വയമിമാൻ കാമാൻ
സർവ്വാശീ സർവ്വവിക്രയീ
സർവ്വം നിഷിദ്ധം കൃത്വാപി
കർമ്മഭിർന്ന സ ബദ്ധ്യതേ.

സാരം:—എപ്പോഴും എവിടേയും എന്തിലും ബ്രഹ്മത്തെത്തന്നെ കാണുകയും ഞാൻ ബ്രഹ്മമാണെന്നറിയുകയും ചെയ്യുന്ന ജ്ഞാനി എല്ലാം കാമങ്ങളിൽനിന്നും കർമ്മങ്ങളിൽനിന്നും രക്ഷപ്പെടുന്നു. നിഷിദ്ധകർമ്മങ്ങൾ ചെയ്യേണ്ടിവന്നാൽക്കൂടി അയാൾ ബന്ധിക്കപ്പെടുന്നില്ല.

15. നിമിഷം നിമിഷാർദ്ധം വാ
ശീതാശീതനിവാരണം
അചലാ കേശവേ ഭക്തി-
ർവ്വിഭവൈഃ കിം പ്രയോജനം?

സാരം:—അര നിമിഷംപോലും ഇടവിടാതെ കേശവനിൽ അചഞ്ചലയായ ഭക്തിയും ദ്വന്ദ്വങ്ങളിൽ സഹനശക്തിയുമുണ്ടെങ്കിൽ മററു വിഭവങ്ങൾകൊണ്ടെന്തു പ്രയോജനമാണുള്ളതു്?

16. ഭിക്ഷാന്നം ദേഹരക്ഷാൎത്ഥം
വസ്ത്രം ശീതനിവാരണം
അശ്മാനം ച ഹിരണ്യം ച
ശാകം ശാല്യോദനം തഥാ.
സമാനം ചിന്തയേൽ യോഗീ
യദി ചിന്ത്യമപേക്ഷതേ.

സാരം:—ദേഹം നിലനില്പാൻമാത്രം ഭിക്ഷാന്നവും ശീതനിവാരണത്തിന്നുമാത്രം വസ്ത്രവും ഉപയോഗിച്ചു ബാക്കിയുള്ള വസ്തുക്കളിൽ ഗുണദോഷബുദ്ധി കൂടാതെ ലക്ഷ്യത്തെമാത്രം ഉപാസിച്ചുകൊണ്ടിരിക്കുന്ന യോഗി അചിരേണ ചിന്തിതത്തെ പ്രാപിക്കും.

17. ഭൂതവസ്തുന്യശോചിതേ
പുനൎജ്ജന്മ ന വിദ്യതേ

18. ആത്മയോഗമവോചൽ യോ
ഭക്തിയോഗശിരോമണിഃ
തം വന്ദേ പരമാനന്ദം
നന്ദനന്ദനമീശ്വരം.

സാരം:—കഴിഞ്ഞുപോയതിൽ വ്യസനവും, വരാനുള്ളതിൽ അപേക്ഷയുമില്ലാതെ വരുന്നതിനെ ഭാവവ്യത്യാസമില്ലാതെ അനുഭവിച്ചു ജീവിതം കഴിക്കുന്നവനു പുനൎജ്ജന്മം സംഭവിക്കുന്നതല്ല.

ഇങ്ങനെ ഭക്തിയോഗശിരോമണിയായ യാതൊരു ഭഗവാൻ ഈ ജ്ഞാനയോഗത്തെ ഉപദേശിച്ചുവോ ആ നന്ദനന്ദനനായ പരമാനന്ദസ്വരൂപിയെ ഞാൻ വന്ദിക്കുന്നു.

ശുഭമസ്തു